Kandanad
Diocesan
# Bulletin

Vol. 12, No. 10, 15 October 2024

എഡിറ്റോറിയൽ

## ബൈബിൾ പരിഭാഷയുടെ വേദശാസ്ത്രം

'പരിഭാഷ' എന്ന പ്രക്രിയ എങ്ങിനെ ഭാഷയെ ബലപ്പെടുത്തുന്നു എന്നും അത് വായനയെ എങ്ങനെ സ്വാധീനിക്കുന്നു എന്നും സംബന്ധിച്ച് ഈ അടുത്ത കാലങ്ങളിൽ ഗൗരവപൂർവ്വമായ ചർച്ചകൾ ഭാഷാപഠനമേഖലകളിൽ നടക്കുന്നുണ്ട്. ഈ ചർച്ചകൾക്ക് ഭാഷാശാസ്ത്രപരമായ ഒരു മാനം മാത്രമല്ല ഇന്നുള്ളത്. കാരണം ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് വാക്കുകളുടെ ഒഴുക്ക് അണമുറിയാതെ സാധ്യമാക്കി എന്നതിനപ്പുറമായി രചനയുടെ ജീവിതവും സംസ്കാരവും രീതികളും മതവും എല്ലാം അതോടൊപ്പം ഒഴുകിയെത്തുന്നുണ്ട് എന്ന തിരിച്ചറിവിലേക്ക് നാം എത്തിക്കഴിഞ്ഞു. ഈയൊരു സംക്രമണത്തെ തിരിച്ചറിഞ്ഞുകൊണ്ട് മാത്രമേ 'പരിഭാഷ' എന്ന പ്രയോഗത്തെ മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

ലോകം മുഴുവൻ നിരന്തരം വായിക്കുന്നതും പരിഭാഷപ്പെടുത്തിക്കൊണ്ടിരിക്കുന്നതുമായ ഗ്രന്ഥമാണല്ലോ വിശുദ്ധ ബൈബിൾ. പഴയനിയമത്തിന്റെ മൂലഭാഷ ഹീബ്രുവും പുതിയനിയമത്തിന്റേത് ഗ്രീക്കുമാണ് എന്നത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. ബൈബിൾ ഇതിനോടകം ലോകത്തിലെ മിക്കവാറും എല്ലാ ഭാഷകളിലേക്കും പരിഭാഷപ്പെടു ത്തിക്കഴിഞ്ഞു. അക്ഷരമാലകളില്ലാത്ത ഗിരിവർഗ്ഗ (Tribal) ഭാഷകളിലേക്കുവരെ അത് എത്തിക്കഴിഞ്ഞു. മറ്റൊരു പ്രധാന സവിശേഷത ഒരേ ഭാഷയിൽ തന്നെ പലതരത്തിലും പലരീതിയിലും ഉള്ള പരിഭാഷകളാണ് നിലവിലുള്ളത് എന്നതാണ്. അതും നിരന്തരം പരിഷ്കരണത്തിന് വിധേയമാകുന്നു. മലയാളഭാഷയിൽ തന്നെ നിരവധി ഇടപെടലുകൾ ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. 'ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ' പ്രസിദ്ധീകരിക്കുന്ന ബൈബിളിന്റെ മലയാള പരിഭാഷ തന്നെ വിവിധ വിവർത്തനങ്ങളായി നമ്മുടെ ഓരോരുത്തരുടെയും കൈവശമുണ്ട്. എന്തുകൊണ്ട് ഇതുപോലെ വിവിധ പരിഭാഷകൾ ഉണ്ടാകുന്നു. ചില ക്രൈസ്തവ സഭകൾ ചിന്തിക്കുന്നതുപോലെ തങ്ങളുടേത് മാത്രമായ ഒരു ബൈബിൾ സാധ്യമാണോ; അല്ലെങ്കിൽ ചില പരിഭാഷകൾ ശരി മറ്റുള്ളത് അംഗീകരിക്കാൻ കഴിയാത്തത് എന്നിങ്ങനെ തരംതിരിക്കാൻ കഴിയുമോ എന്നിങ്ങനെയുള്ള നിരവധി ചോദ്യങ്ങൾക്ക് ഇനിയും ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

ഓർത്തഡോക്സ് സഭകളിൽ പൊതുവെ വായിക്കപ്പെടുന്ന പെഷീത്ത വെർഷൻ മൂന്നാം നൂറ്റാണ്ടിൽ ഗ്രീക്കിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത (Old Syriac Version) നാല് സുവിശേഷങ്ങളുടെ പരിഷ്കൃത രൂപമാണ്. സുറിയാനി സഭയുടെ ജീവിതത്തിനും വായനയ്ക്കും അനുയോജ്യമായിട്ടായിരിക്കാം ഗ്രീക്ക് ഭാഷയിൽ നിന്ന് സുവിശേഷങ്ങൾ വിവർത്തനം ചെയ്തത്. മൂലഗ്രന്ഥത്തോട് നീതി പുലർത്തുക എന്നതും വായനക്കാരന് ബൈബിൾ തുറക്കുന്ന വാതിലിലൂടെ അകത്ത് പ്രവേശിക്കുവാൻ കഴിയുക എന്നതുമാണ് ഓരോ പരിഭാഷയുടെയും ആത്യന്തിക ലക്ഷ്യം. പരിഭാഷ ഒരു ദൈവശാസ്ത്ര ഇടപെടൽ ആകുന്നത് ബൈബിൾ വചനങ്ങളുടെ ശരിയായ അർത്ഥം വാക്കുകളിലൂടെ പറഞ്ഞുവയ്ക്കുന്നത് വഴിയാണ്. അതിന് ഇന്ന് ഏതെല്ലാം സങ്കേതങ്ങളെ ഉപയോഗിക്കാമോ അതെല്ലാം ഉപയോഗിക്കുക എന്നതാണ് പ്രധാനം. അതല്ലാതെ ഏതെങ്കിലും ഒരു പരിഭാഷയെ മാത്രം ആശ്രയിക്കുന്നത് ബൈബിൾ പരിഭാഷയുടെ ശരിയായ പ്രവണതയല്ല. ഈയൊരു പശ്ചാത്തലത്തിൽ മൂലഭാഷാ പതിപ്പിന്റെ (ഗ്രീക്ക്) സ്ഥാനം സുപ്രധാനമാണ് എന്നത് വിസ്മരിക്കാനും സാധിക്കില്ല.

പരിഭാഷ ഓരോ ഘട്ടങ്ങളിലും പുതുക്കേണ്ടി വരുന്നത് പരിഭാഷയ്ക്ക് വിധേയമാകുന്ന പാഠവും (Text) അത് രചിക്കപ്പെട്ട ഭാഷയും ഏത് ഭാഷയിലാ

A PUBLICATION OF THE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karamel**

*Mg. Editor*
**Mr. P. J. Varghese**

*Members*
**Fr. Marydas Stephen**

**Fr. Alias Kuttiparichel**

**Fr. Shibu Kurian**

**Fr. Binoy John**

**Prof. Dr. M. P. Mathai**

**Mr. A. G. James**

**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

എഡിറ്റോറിയൽ — പേജ്

**ബൈബിൾ പരിഭാഷയുടെ വേദശാസ്ത്രം** ............ 1

**ആർഭാടത്തിന് ഒരു ആത്മീയ വിമർശനം-3** ............ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**അവകാശം ഒരു ദിനോറയ്ക്ക് മാത്രം** ............ 6
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ചിറക്കടക്കുന്നേൽ വന്ദ്യ ജോൺ കോറെപ്പിസ്കോപ്പ: നിലപാടുകളുടെ പോരാളി** ............ 7
ഫാ. ഗീവർഗീസ് പതപ്പിള്ളിൽ

**ആദിമസഭയിൽ വി. പത്രോസിന്റെയും വി. പൗലൊസിന്റെയും പങ്ക്** ............ 9
ഫാ. ഏലിയാസ് കെ. വി.

**വിഡ്ഢിയാവാതെ വിശ്വസ്തനാവുക** ..... 12
ഫാ. സിബി മാത്യു വർഗീസ്

**നല്ല സമരിയാക്കാരൻ** ............ 14
ഫാ. ഷാജി കരിമ്പ്ലാനിൽ

ക്കാണോ വിവർത്തനം ചെയ്യുന്നത് ആ ഭാഷയ്ക്കുണ്ടായ വളർച്ചയും ഈ കാര്യത്തിൽ പ്രധാനമാണ്. ഈ മാറ്റങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടു മാത്രമേ പരിഭാഷയിൽ ആർക്കും ഇടപെടാൻ സാധിക്കൂ. പരിഭാഷ എപ്പോഴും അതിൽ ത്തന്നെ സ്വതന്ത്രവും സത്യസന്ധവും ആയിരിക്കണം. ചുരുക്കത്തിൽ വിവർത്തനം തിരിഞ്ഞ് നടക്കലല്ല നിരന്തര മായ പുതിയ അർത്ഥങ്ങളെ ജനിപ്പിക്കുന്ന പ്രക്രിയയാണ്.

മലയാളത്തിലേക്ക് ബൈബിൾ പരിഭാഷപ്പെടുത്തി യിട്ട് അധികകാലം ആയിട്ടില്ല. കേരളത്തിലെ സുറിയാനി സഭാ ചരിത്രം പരിശോധിക്കുമ്പോൾ ആരാധനകളും ബൈബിളും മറ്റെല്ലാം തന്നെ മാതൃഭാഷയിൽ അപ്രാപ്യമായിരുന്നു. കേവലം ഒരു നൂറ്റാണ്ടിനപ്പുറം ഇതായിരുന്നു ഇവിടുത്തെ അവസ്ഥ. അച്ചടി ഇല്ലാതിരുന്നതോ പേപ്പർ ഇല്ലാതിരുന്നതോ അല്ല അതിന് കാരണം. വായന ബോധപൂർവ്വം പ്രോത്സാഹിപ്പിക്കപ്പെട്ടില്ല എന്നതാണ് ശരി. ബൈബിൾ വായന കേരളത്തിലെ ക്രിസ്ത്യാനികളിൽ കാര്യമായി പ്രോത്സാഹിപ്പിക്കപ്പെട്ടതിൽ മിഷനറിമാരുടെ പങ്ക് ഒരിക്കലും അവഗണിക്കാൻ സാധിക്കില്ല. ബൈബിൾ ആദ്യം ആര് വിവർത്തനം ചെയ്തു എന്ന ചോദ്യത്തിനല്ല ഇവിടെ പ്രസക്തി ബൈബിൾ വായന എങ്ങനെ കൂടുതൽ ജനകീയമായി എന്നതാണ് അന്വേഷിക്കേണ്ടത്.

ബൈബിൾ ഇന്നുകാണുന്ന രീതിയിൽ രൂപപ്പെടുന്നത് നൂറ്റാണ്ടുകളുടെ പരിശ്രമത്തിന് ഒടുവിലാണ്. രചനയും സംയോജനവും നടക്കുന്നതിന് എത്രയോ മുൻപ് വായ്മൊഴികളായി ഇത് നിലകൊണ്ടു. വ്യക്തിഗത ഓർമ്മകളും കൂട്ടായ ഓർമ്മകളും ആണ് പിന്നീട് വാക്കുകളായും പദാവലികളായും എഴുത്തായും പുറത്തുവന്നത്. പുതിയ നിയമത്തിലാണെങ്കിൽ യേശുവിനെക്കുറിച്ചും അവന്റെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ഓർമ്മകളാണ് വാക്കുകളായും ഭാഷയായും എഴുത്തായും പുറത്തുവന്നത്. അതായത് ഇവിടെ-ഏത് ഭാഷയിലാണെങ്കിലും-രചനയിലേക്ക് എത്തുന്നതുവരെയും രചനയ്ക്കുശേഷവും എത്രയോ പരിഭാഷകളാണ് സംഭവിച്ചത് എന്ന് ഓർക്കുക. ഓർമ്മയിൽ നിന്ന് ഭാഷയിലേക്കും ഭാഷയിൽ നിന്ന് ഭാഷകളിലേക്കും പരിഭാഷപ്പെടുത്തുന്നതുതന്നെ വായനയുടെ ഏറ്റവും മഹത്തായ രൂപമാണ് എന്ന് പറയാം. ചില പണ്ഡിതന്മാർ പറയുന്നതുപോലെ സ്വന്തമായി ചിന്തിക്കാൻ വിസമ്മതിക്കുന്ന മനസ്സാണ് വായനയിൽ തലപൂഴ്ത്തുന്നത് എങ്കിൽ പരിഭാഷപ്പെടുത്താൻ കൊതിക്കുന്ന മനസ്സ് അതിന്റെ തല ഉയർത്തൽ ആണ് എന്ന്. അതായത് ഓരോ വായനയും ഓരോ തല ഉയർത്തലും പരിഭാഷപ്പെടുത്തലുമാണ്. ബൈബിൾ ഒരു കേട്ടെഴുത്ത് കൃതിയല്ല, അത് ഭാഷകളിലൂടെ പറഞ്ഞു പറഞ്ഞ് രൂപപ്പെട്ടതാണ്. അതുകൊണ്ട് ബൈബിളിന്റെ ഇപ്പോഴത്തെ ഓരോ വായനയും അതിനെ പരിഭാഷപ്പെടുത്താനുള്ള വ്യഗ്രതയാണ്, നാം അത് അനുദിനം വളർത്തുക തന്നെ വേണം.

*ഫാ. എബ്രഹാം കാരാമ്മേൽ*

# ആർഭാടത്തിന് ഒരു ആത്മീയ വിമർശനം-3

**ഉ**പഭോഗവസ്തുക്കളുടെ കുറവ് ദുരന്തത്തിന്റെ (calamity) പര്യായമായി ചിന്തിക്കുന്നത് പിശകാണ്. നേരേമറിച്ച് അവയുടെ പരിമിതിയിലും സന്തോഷം കണ്ടെത്താനാവും എന്ന് പ്രസ്താവിച്ചത് ലിയോ ടോൾസ്റ്റോയി ആണ്. സമൃദ്ധിയുടെ നടുവിൽ വളർന്ന ആ വലിയ മനുഷ്യന്റെ ജീവിതാന്ത്യം ദാരിദ്ര്യത്തിൽ ആയിരുന്നു. 1910 ൽ അസ്തപോവോ റെയിൽവേസ്റ്റേഷൻ പരിസരത്ത് തിരസ്കൃതനായിട്ടാണ് അദ്ദേഹം അന്ത്യശ്വാസം വലിച്ചത്. 'മനുഷ്യന് സന്തോഷവും തൃപ്തിയും നൽകുന്നത് സമ്പത്തും ആർഭാടവും അല്ല' എന്നത് സമൃദ്ധിയും ദാരിദ്ര്യവും സ്വന്തം ജീവിതത്തിൽ അനുഭവിച്ച ആ മഹാമനീഷിയുടെ സത്യസന്ധമായ വാക്കുകൾ ആയിരുന്നു. ധാരാളിത്തത്തിനു വേണ്ടിയുള്ള പ്രലോഭനത്തിന്റെ സ്രോതസ്സ് മനുഷ്യനിലെ തെറ്റായ കാഴ്ചപ്പാടുകളാണ് എന്ന് അദ്ദേഹത്തിന്റെ വാക്കുകൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. ആഡംബരത്തോടുള്ള മനുഷ്യന്റെ ആസക്തി മാനസികമായ അടിമത്തം സൃഷ്ടിക്കുന്നു എന്നു മാത്രമല്ല; അത് മനുഷ്യന്റെ യഥാർത്ഥ സന്തോഷസാദ്ധ്യതകളെയും സർഗ്ഗശക്തിയെയും മരവിപ്പിച്ച് മനുഷ്യജീവിതം അർത്ഥശൂന്യമാക്കിത്തീർക്കുന്നു എന്നതും നാം ഓർക്കേണ്ടതുണ്ട്.

സന്തോഷം മനുഷ്യന് സ്വയം സൃഷ്ടിക്കാവുന്നതല്ല. അത് നമ്മുടെ ജീവിതത്തിന്റെ ക്രമം, ശൈലി, ലക്ഷ്യം എന്നിവയുടെ ഉപോത്പന്നമാണ്. ബോധപൂർവമായ തിരഞ്ഞെടുപ്പുകളിലൂടെ അർത്ഥവത്തായി ജീവിതം നയിക്കുമ്പോൾ സ്വാഭാവികമായും സന്തോഷം മനുഷ്യനിൽ രൂപപ്പെടും. ഇവിടെ ഭൗതികസൗകര്യങ്ങൾക്ക് സ്ഥാനമുണ്ടെങ്കിലും അവയുടെ സുലഭത യല്ല സന്തോഷത്തിന്റെ ആധാരം. മനുഷ്യന്റെ ആവശ്യങ്ങളുടെ ഉദ്ദേശ്യപൂർവ്വമായ ന്യൂനീകരണ (reduction of wants) ത്തിന് നിർണ്ണായക പ്രാധാന്യമുണ്ട്. ശ്രീബുദ്ധൻ രാജപുത്രനായി ജനിച്ച് സമൃദ്ധിയിൽ വളർന്ന് അധികാരത്തിന്റെ ആനുകൂല്യങ്ങൾ മനസ്സിലാക്കിയ വ്യക്തിയായിരുന്നു. എങ്കിലും ഇവയെല്ലാം ഉപേക്ഷിച്ച് ഏകനായി കൊട്ടാരം വിട്ടത് ഈ സാഹചര്യങ്ങൾ തനിക്ക് ആഹ്ലാദം നൽകുന്നില്ല എന്ന തിരിച്ചറിവിലാണ്. ബുദ്ധഗയയിൽ വെച്ച് അദ്ദേഹത്തിന് സിദ്ധിച്ച ആത്മജ്ഞാനം (enlightenment) വഴി മനുഷ്യന് എങ്ങനെ ദുഃഖത്തിൽ നിന്നുള്ള വിമോചനവും സന്തോഷവും ആർജ്ജിക്കാനാവും എന്നത് അദ്ദേഹത്തിന് വെളിവായി. മനുഷ്യദുഃഖം സാർവ്വത്രികമാണ് എന്നും അതിന്റെ അടിസ്ഥാനം മനുഷ്യന്റെ തൃഷ്ണകൾ (cravings) ആണെന്നും അതുകൊണ്ട് ദുഃഖത്തിൽ നിന്ന് മോചനം നേടുന്നതിനുള്ള മാർഗ്ഗം തൃഷ്ണകളിൽ നിന്നുള്ള സ്വതന്ത്രമാകലാണ് എന്നും അദ്ദേഹം സിദ്ധാന്തിച്ചു. അതിനു പ്രതിവിധിയായി അദ്ദേഹം നിർദ്ദേശിച്ചത് അഷ്ടമാർഗ്ഗ (eight fold paths) മാണ്. അതിന്റെ ഉള്ളടക്കം എന്നത് ജീവിത മിതത്വമാണ്. ശ്രീബുദ്ധന്റെ മിത ജീവിത സിദ്ധാന്തം അധികാര-ധന-ആദ്ധ്യാത്മിക-ധാർമ്മിക-മതനേതൃത്വങ്ങൾക്കുപോലും ആകർഷകമാകുന്നില്ല .

നാം ജീവിക്കുന്നത് ഉപഭോഗ സംസ്കൃതി ശക്തമാവുകയും അത് സാർവ്വത്രികമായി സ്വാധീനം ചെലുത്തുകയും ചെയ്യുന്ന കാലഘട്ടത്തിലാണ്. വ്യക്തിഗതത്വം, സ്വകാര്യത, ഉപഭോഗപരത, പ്രകടന താത്പര്യം, മത്സരം എന്നിവയെല്ലാം സാധാരണമാകുന്ന ജീവിത പരിസരത്താണ് നാം കഴിയുന്നത്. G D P യാണ് നാടിന്റെ വികസനം, പുരോഗമനം, ജീവിതനിലവാരം എന്നിവയുടെയെല്ലാം മാനദണ്ഡ (norm) മായി ഇന്ന് പരിഗണിക്കുന്നത്. കാലഘട്ടത്തിന്റെ പ്രലോഭനത്തോട് ചെറുത്തുനിൽക്കാൻ വിശ്വാസിസമൂഹത്തിന്റെ ആദ്ധ്യാത്മികതയ്ക്കു സാധിക്കാത്ത സാഹചര്യത്തിൽ വിശ്വാസ-മത ജീവിതങ്ങൾ വിചാരണയ്ക്ക് വിധേയമാകുകയാണ്.

ശാസ്ത്ര പുരോഗതിയെത്തുടർന്നുണ്ടായ സാങ്കേതികവിദ്യയുടെ വളർച്ച കായികാദ്ധ്വാനത്തെ കുറച്ചിട്ടുണ്ട്. ഇത് ഒരു പരിധിവരെ മനുഷ്യന്റെ ക്ലേശപരിഹാരത്തിന് സഹായകമായി. എന്നാൽ കായികാദ്ധ്വാനത്തിന്റെ കുറവ് മനുഷ്യജീവിതം സന്തോഷപ്രദമാക്കും എന്ന് ചിന്തിക്കുന്നതിൽ പിശകുണ്ട്. മനുഷ്യപ്രയത്നം യന്ത്രങ്ങളും കമ്പ്യൂട്ടറുകളും റോബോട്ടുകളും ഏറ്റെടുത്തതോടെ ഉയർന്നുവരുന്ന മാനസിക-ആരോഗ്യ-ആദ്ധ്യാത്മിക പ്രതിസന്ധികളെ പറ്റി ഇന്ന് സമൂഹത്തിൽ വേണ്ടത്ര വീണ്ടുവിചാരം ഉണ്ടായിട്ടില്ല. സാങ്കേതിക വളർച്ച മനുഷ്യനുണ്ടായ വലിയൊരു അനുഗ്രഹമാണ് എന്നു മാത്രമാണ് ഇന്നും വിലയിരുത്തുന്നത്. മനുഷ്യജീവിതത്തിന് വേഗത വർദ്ധിച്ചു. മാനസികാദ്ധ്വാനം ജീവിതഭാരം വർദ്ധിപ്പിച്ചു. പണം സൃഷ്ടിക്കുന്ന പ്രലോഭനവും ആഡംബരജീവിതത്തോടുള്ള തൃഷ്ണയും എത്ര സമയവും ജോലി ചെയ്യാൻ പ്രേരണ നൽ

കുന്നു. മനുഷ്യന്റെ വിശ്രമം, കുടുംബം, ആദ്ധ്യാത്മികത, സൗഹൃദം എന്നീ രംഗങ്ങളെല്ലാം ഔപചാരികമേഖലകളായി മാറി വരികയാണ്. ശാരീരികാദ്ധ്വാനം ആരോഗ്യകരമായ ജീവിതത്തിന് അനിവാര്യമാണ് എന്നുമാത്രമല്ല അതിൽ നിന്നും മാറിനിൽക്കുന്നത് സത്യത്തിൽ അപകടകരവുമാണ്. ഒരു ചുവട് നടക്കാൻ പോലും മനുഷ്യൻ സന്നദ്ധനല്ല. ചുരുങ്ങിയ ദൂരം യാത്ര ചെയ്യുന്നതിനുപോലും വാഹനസൗകര്യം ആഗ്രഹിക്കുന്നു. ശാരീരികാദ്ധ്വാനം കൊണ്ട് മനുഷ്യൻ രോഗിയാകുന്നില്ല. നേരേമറിച്ച് മിതമായ അദ്ധ്വാനം മനുഷ്യനെ ആരോഗ്യവാനാക്കുന്നു. അത് വ്യയകരമെങ്കിലും മനുഷ്യന്റെ ശരീരത്തിനും മനസ്സിനും ഉണർവ്വും ശക്തിയും നൽകുന്നതോടൊപ്പം വിരസത മാറ്റുകയും പിരിമുറുക്കം കുറയ്ക്കുകയും ചെയ്യുന്നു. കൂടാതെ അത് ഉറക്കം ലഭിക്കുവാൻ സഹായിക്കുന്നു. മസ്തിഷ്കത്തെ പ്രവർത്തനനിരതമാക്കുന്നു. കുടുംബാന്തരീക്ഷം സൗഹൃദഭരിതമാക്കുന്നു. സന്യസ്തർക്കുപോലും കായികാദ്ധ്വാനം അവരുടെ ജീവിതചര്യയുടെ ഭാഗമായി നിഷ്കർഷിച്ചിരുന്നു. വിരസത അനുഭവിച്ച ഈജിപ്തിലെ സന്ന്യാസി വിശുദ്ധ അന്തോണിയോസിന് പരിഹാരമാർഗ്ഗമായി ലഭിച്ച വെളിപാട് 'orare et labore' (പ്രാർത്ഥിക്കുകയും അദ്ധ്വാനിക്കുകയും) ചെയ്യുക എന്നതായിരുന്നു. ആർഭാടം ജീവിതശൈലിയാക്കി മാറ്റുന്ന അധ്വാനവിമുക്തമനുഷ്യൻ അനുഭവിക്കുന്നത് സന്തോഷമല്ല ; വിരസതയും ഏകാന്തതയും ആണ്.

മാനസികമായി മാത്രമുള്ള അദ്ധ്വാനത്തിന്റെ ക്ഷീണം ജോലി സമയത്തിനു ശേഷവും മനുഷ്യനെ പിന്തുടരുക (haunt) യാണ്. ഇതു വ്യക്തിയെയും കുടുംബ-സാമൂഹ്യജീവിതത്തെയും പ്രതികൂലമായി ബാധിക്കുന്നു. തന്റെ ജീവിതലക്ഷ്യം പണത്തിനും ആഡംബരങ്ങൾക്കുമായി പരിമിതപ്പെടുത്തുമ്പോൾ മനുഷ്യൻ തന്റെ വ്യക്തി-സാമൂഹ്യ ജീവിതക്രമങ്ങളുടെ താളം തെറ്റിക്കുകയാണ്. വൈകാരിക-ആദ്ധ്യാത്മിക-ജീവിതമേഖലകൾ ഇവിടെ അവഗണിക്കപ്പെടുന്നു. കൂടാതെ ഇത് സമൂഹത്തിൽ/വ്യക്തിയിൽ നിരവധി പ്രശ്നങ്ങൾ പുതുതായി സൃഷ്ടിക്കുകയും ചെയ്യുന്നു. സുഖാനുഭവങ്ങൾ പോലും പങ്കിടാൻ കഴിയുന്നില്ല. ഭൗതികസുഖങ്ങൾ സ്വകാര്യ ആസ്വാദനമായി മാറുകയാണ്. പണവും പ്രതാപവും മാനസികവും ആദ്ധ്യാത്മികവും വൈകാരികവുമായ തൃപ്തി നൽകുന്നില്ല എന്ന് നാം തിരിച്ചറിയാതെ പോകുന്നു. അനിയന്ത്രിത ആനന്ദ (pleasure) ത്തിനുവേണ്ടിയുള്ള പരക്കംപാച്ചിൽ ആസക്തികളിലേക്കാണ് നയിക്കുന്നത്. അധികാര-ആർഭാടതൃഷ്ണകൾ മരവിച്ചമനസ്സിന്റെ സൃഷ്ടിയാണ്. ദൈവികാനുഭവം ഇല്ലാത്ത മത-അനുഷ്ഠാന ജീവിതം മനുഷ്യനെ നയിക്കുന്നത് ജീവിതവ്യർത്ഥതാബോധത്തിലേക്കാണ്. ആർത്തിയും പ്രകടനപരതയും മനുഷ്യജീവിതം ദുരന്തമാക്കുന്നു.

ഈ വിഷയം സംബന്ധിച്ച് സഭയുടെ ചരിത്രത്തിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്. ക്രൈസ്തവസമൂഹം അതിന്റെ ശൈശവകാലത്ത് തികച്ചും ഒരു ജനകീയ-വിമോചനപ്രസ്ഥാനം ആയിരുന്നു. പൊന്നും വെള്ളിയും തങ്ങൾക്കില്ല എന്ന് പരസ്യമായി പ്രഖ്യാപിക്കുവാൻ അപ്പോസ്തലന്മാർക്ക് കഴിഞ്ഞിരുന്നു. സഭകൾക്ക് ഭാരമാകാതെ സ്വന്തം അദ്ധ്വാനം കൊണ്ട് തന്റെ ചെലവുകൾ നിർവഹിച്ചിരുന്നു എന്ന് പൗലോസ് സാക്ഷിക്കുന്നു. ആരാധനാകേന്ദ്രങ്ങൾ എന്ന നിലയിൽ അംബരചുംബികളായ പള്ളികൾ ഉണ്ടായിരുന്നില്ല. വീടുകൾ ആരാധനാസ്ഥലങ്ങളായി പ്രയോജനപ്പെടുത്തിയിരുന്നു. പുരോഹിതന്മാർക്ക് പ്രത്യേക സ്ഥാനവസ്ത്രങ്ങൾ ഉണ്ടായിരുന്നില്ല. പിടലിവേദന വരുന്ന വിധത്തിൽ ആടയാഭരണങ്ങൾ സഭാദ്ധ്യക്ഷന്മാർ ചാർത്തിയിരുന്നില്ല. പിടിവലി നടത്താൻ സിംഹാസനങ്ങളും അധികാരപ്രയോഗത്തിനു പറ്റിയ ഘടനകളും അന്ന് സഭയ്ക്ക് അജ്ഞാതമായിരുന്നു. സ്ഥാനങ്ങൾ ദൗത്യനിർവ്വഹണത്തിനുള്ള നിയോഗങ്ങളായി സഭ കണ്ടിരുന്നു. സാമ്രാജ്യത്തിൽ സഭ ഔദ്യോഗിക മതപ്രസ്ഥാനം ആയതോടെ ആർഭാടവും അധികാരപ്രയോഗങ്ങളും മുടക്കും പുറത്താക്കലുമെല്ലാം സാധാരണമായി. സഭാസംവിധാനം രാഷ്ട്ര അധികാരഘടനയ്ക്കു സമാന്തരമായി രൂപപ്പെട്ടു. സഭാശുശ്രൂഷകർ രാഷ്ട്രത്തിന്റെ അധികാരസ്ഥാനികൾക്കു തുല്യരായ മതാധികാരികളായി. അതോടെ മിതത്വം, ലാളിത്യം എന്നതെല്ലാം സഭയിൽ ഒരു കടങ്കഥയായി മാറി. പ്രത്യാഘാതങ്ങളെ അവഗണിച്ച് സഭയിൽ വളർന്നുവന്ന ആഡംബര താത്പര്യങ്ങളെ വിമർശിച്ച ചുരുക്കം ചില പിതാക്കന്മാർ ഉണ്ടായിരുന്നു. കുസ്തിനോപോലീസിലെ മേൽപ്പട്ടക്കാരനായിരുന്ന ജോൺ ക്രിസോസ്റ്റം വലിയ ആശങ്കയോടെയാണ് ഈ പരിണാമം വീക്ഷിച്ചത്. കടുത്ത വിമർശനം അദ്ദേഹം ഇതിനെതിരേ ഉയർത്തി. സഭയും സഭാദ്ധ്യക്ഷന്മാരും പിന്തുടരുന്ന ആർഭാടം ക്രിസ്തുവിനെയും അവന്റെ ദൗത്യനിർവ്വഹണത്തെയും ഒറ്റിക്കൊടുക്കുന്ന നടപടിയായി അദ്ദേഹം തിരിച്ചറിഞ്ഞു. അദ്ദേഹത്തിന്റെ തിരുവചനവ്യാഖ്യാനങ്ങളും ആരാധനയിൽ നടത്തിക്കൊണ്ടിരുന്ന വചനശുശ്രൂഷകളും ഈ വിമർശനം നിറഞ്ഞതായിരുന്നു. കവർച്ചയാണ് ആഡംബരത്തിന്റെയും ആർഭാടത്തിന്റെയും പിന്നാമ്പുറത്ത് നടക്കുന്നത് എന്ന് അദ്ദേഹം

ചൂണ്ടിക്കാട്ടി. അന്നത്തെ സഭാദ്ധ്യക്ഷന്മാർ സംഘം ചേർന്ന് അദ്ദേഹത്തെ മുടക്കി ഭരണകർത്താക്കളുടെ സഹായത്തോടെ നാടുകടത്തി. AD 407 ൽ സഭയിൽ നിന്ന് നിഷ്കാസിതനായി യാത്രാമദ്ധ്യേ അദ്ദേഹം അന്ത്യശ്വാസം വലിച്ചു. അന്ന് നാടുകടത്തിയവരുടെ ആത്മാവ് ഇന്നും സഭയിൽ പ്രാബല്യത്തിലിരിക്കുന്നു എന്നത് ആർക്കും നിരീക്ഷിക്കാവുന്നതാണ്.

യേശു വിഭാവനം ചെയ്ത ദൈവരാജ്യം നീതിയും സ്നേഹവും പ്രകടമാകുന്ന ജീവിതക്രമമായിരുന്നു. അയൽക്കാരനോടുള്ള സ്നേഹവും ധനത്തിന്റെ നീതിപൂർവ്വമായ പങ്കിടലും ആഡംബരത്തിനും ആർഭാടത്തിനും ഇടം നൽകുന്നില്ല. ഓരോ വിശ്വാസിയും തന്റെ കഴിവുപോലെ പൊതുവിലേക്ക് കൊടുക്കുകയും അവിടെ നിന്ന് ഓരോരുവനും ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെടുകയും ചെയ്തിരുന്ന ക്രമീകരണമാണ് ആദിമ യെരുശലേം സഭയിൽ നിലനിന്നിരുന്നത്. ആ ജീവിതമാതൃക ഇന്ന് നമുക്ക് ഒട്ടും ആകർഷകവും വെല്ലുവിളിയുമായി അനുഭവപ്പെടുന്നില്ല. കരുത്തുപോലെ വെട്ടിപ്പിടിക്കുകയും ആർജ്ജിക്കുന്നതുകൊണ്ട് ആർഭാടമായി കഴിയുകയും ചെയ്യുന്നത് സ്വാഭാവികമായി. നീതിയും സ്നേഹവും തിരിച്ചുപിടിക്കുകയാണ് ഇന്നിന്റെ ആവശ്യം. അപ്പോൾ വർജ്ജനവും മിതത്വവും സ്വാഭാവികമായി മാറും.

നീതിപൂർവ്വം ജീവിക്കുന്ന വിശ്വാസിയിലും സ്നേഹം പുലരുന്ന സഭയിലും ധൂർത്തും ആഡംബരവും അപ്രത്യക്ഷമാകും. നീതിപൂർവ്വമായ പങ്കിടൽ നടക്കുന്നിടത്ത് ആർഭാടത്തിന് ഇടം കിട്ടില്ല. അതുപോലെ നീതിബോധവും സ്നേഹവും ഉള്ളിടത്ത് കൂട്ടിവെക്കാനും ആവില്ല. ആഡംബരവും പ്രകടനപരതയും വിശ്വാസിസമൂഹത്തിന്റെ ആദർശവുമായി ചേർന്നുപോകുന്നില്ല. വ്യക്തിയുടെ ജീവിതം സന്തോഷപ്രദമാക്കുന്നത് സമ്പത്തിന്റെ സമൃദ്ധിയല്ല എന്ന് മാർക്കസ് ഔറേലിയസ് പറഞ്ഞത് അന്നും ഇന്നും ഒരു ഓർമ്മപ്പെടുത്തലാണ്.

മനുഷ്യജീവിതത്തിൽ സമ്പത്തിന്റെ പൂർണ്ണമായ വർജ്ജനം വേണമെന്ന് ആരും ആവശ്യപ്പെടുന്നില്ല. എന്നാൽ സമ്പത്താണ് മനുഷ്യന് സന്തോഷം നൽകുന്നതെന്നും ആർഭാടം നൽകുന്ന വൈകാരിക അനുഭവം സ്ഥായിയാണ് എന്നുമുള്ള ചിന്തയ്ക്കാണ് മാറ്റം വരേണ്ടത്. വ്യക്തിപരവും സാമൂഹ്യവുമായ അസംതൃപ്തി സമ്പത്തിന്റെ സമൃദ്ധിയിലൂടെയും ആർഭാടംവഴി കിട്ടുന്ന ആദരവിലൂടെയും പരിഹരിക്കാനാവില്ല എന്ന ചിന്തയാണ് ഉണ്ടാകേണ്ടത്. ആർജ്ജിക്കുന്നതിൽ നിന്നും പങ്കുവയ്ക്കുകയും നീതിപൂർവ്വം മാത്രം സമ്പാദിക്കുകയും ജീവിതത്തിൽ മിതത്വം പാലിക്കുകയും ആണ് ആവശ്യം. മുന്തിരിത്തോട്ടത്തിൽ ജോലിക്ക് വിളിക്കപ്പെട്ട വേലക്കാരുടെ ഉപമപ്രകാരം ഓരോ ദിനോറയ്ക്കുള്ള അർഹതയും അത് ചെലവഴിക്കുവാനുള്ള അവകാശവുമേ നമുക്കുള്ളൂ. അത് വിശ്വാസിയും സഭാശുശ്രൂഷകരും സഭാസംവിധാനവും മനസ്സിലാക്കേണ്ടതാണ്.

സസ്നേഹം

നിങ്ങളുടെ
അത്താനാസിയോസ് തോമസ്
മെത്രാപ്പോലീത്ത

## എൽഡേഴ്സ് ഫോറം ഭദ്രാസന കമ്മിറ്റി രൂപീകരിച്ചു

കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിലും വൈസ് പ്രസിഡന്റ് ബഹുമാനപ്പെട്ട ബിനോയ് ജോൺ പട്ടകുന്നേൽ അച്ചന്റെ സാന്നിധ്യത്തിലും കൂടിയ എൽഡേഴ്സ് ഫോറം അഡ്ഹോക് കമ്മിറ്റി, ഭദ്രാസന സെക്രട്ടറിയായി കുറിഞ്ഞി പള്ളി ഇടവകാംഗം ശ്രീ. എം. വി. പൗലോസിനെയും മേഖലാ സെക്രട്ടറിമാരായി ശ്രീ. കെ. എം. ജോസഫ് (കണ്യാട്ടുനിരപ്പ്), ശ്രീ. തോമസ് ജോൺ (മൂവാറ്റുപുഴ) ശ്രീ. എ. ജെ. ഏലിയാസ് (പിറവം), ശ്രീ. ടി. എസ്. തങ്കച്ചൻ (വടകര) എന്നിവരെയും തിരഞ്ഞെടുത്തു. എൽഡേഴ്സ് ഫോറം യൂണിറ്റുകൾ നിലവിൽ ആരംഭിക്കാത്ത ഇടവകകളിൽ രൂപീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും തീരുമാനിച്ചു.

## വൈദിക പഠന സദസ്സ്

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ വൈദീകർക്കും വൈദിക വിദ്യാർത്ഥികൾക്കുമായി എല്ലാ മാസവും നടത്തി വരുന്ന വൈദിക പഠന സദസ്സ് 2024 സെപ്റ്റംബർ മാസം 17-ാം തീയതി ചൊവ്വാഴ്ച്ച കണ്യാട്ടുനിരപ്പ് സെന്റ് ജോൺസ് പള്ളിയിൽ വച്ച് നടന്നു. അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗ് രാവിലെ 10 മണിക്ക് ആരംഭിച്ചു. ഫാ. ജോൺ വി. ജോൺ, ഫാ. ഗീവർഗീസ് വള്ളിക്കാട്ടിൽ, ഫാ. ബാബു എബ്രഹാം, ഫാ. അബി ഉലഹന്നാൻ എന്നിവർ വേദപഠനങ്ങൾ നടത്തി. തുടർന്ന് 'ക്രിസ്തുവിന്റെ മനുഷ്യാവതാര സംഭവവും മനുഷ്യരക്ഷയും' എന്ന വിഷയത്തെ സംബന്ധിച്ചുള്ള പഠനത്തിന് അഭിവന്ദ്യ തിരുമേനി നേതൃത്വം നൽകി.

വേദചിന്ത

# അവകാശം ഒരു ദിനോറയ്ക്ക് മാത്രം

## മത്തായി 20:1–16

ഡോ. തോമസ് അത്താനാസിയോസ് മെത്രാപ്പോലീത്ത

**അ**രമണിക്കൂർ (തോട്ടത്തിലേക്ക് യാത്ര തിരിച്ചത് അഞ്ചു മണിക്കാണ്) മുതൽ പന്ത്രണ്ട് മണിക്കൂർ വരെ ജോലി ചെയ്തവർ കൂലിക്കാരുടെ ഇടയിലുണ്ടായിരുന്നു. കൂലി കൈപ്പറ്റുവാൻ മുൻഗണന ലഭിച്ചത് അരമണിക്കൂറുകാർക്കാണ്. കൂടുതൽ കിട്ടുമെന്ന് കരുതി വന്നവനും ലഭിച്ചത് ഒരു ദിനോറോ. പതിനൊന്നാം മണിക്കൂറിൽ ജോലിക്കു വന്നവർ തൊഴിൽ വിപണിയിലെ തിരിവുകളാണ്. അവരെ ആരും ജോലിക്ക് വിളിക്കാറില്ല. അവർക്കും പൂർണ്ണ കൂലി കിട്ടി. എന്നാൽ മുഴുവൻ സമയവും അദ്ധ്വാനിച്ച് പകൽസമയത്തെ ചൂടും ഭാരവും സഹിച്ച അദ്ധ്വാന ശേഷിയുള്ളവർക്ക് കിട്ടിയ കൂലിയും ഓരോ ദിനോറോ. ഇതിൽ അനീതിയുണ്ട് എന്ന് അവർ ചിന്തിച്ചത് സ്വാഭാവികം. മുതലാളിക്ക് തന്റെ പണം കൊണ്ട് യഥേഷ്ടം ചെയ്യാം എന്നത് ഏതു കാലത്തും ചെലവാകുന്ന ഒരു ന്യായം. വളർച്ചയെത്തിയ ഒരു കൂലിക്കാരന്റെ മുന്തിയ കൂലി ഒരു ദിനോറോയാണ്. അത് അവനു കിട്ടി. പറഞ്ഞ് സമ്മതിച്ചിരുന്നതും അത്ര തന്നെ. പിന്നെന്തിനാണ് പരാതി? പ്രശ്നം അതല്ല. അരമണിക്കൂർ ജോലി ചെയ്തവർക്ക് തുല്യ കൂലി കൊടുത്തതിലെ ന്യായമാണ് തർക്കം. ഇവിടെ കൂലി നൽകൽ പ്രയത്നശേഷിയുടെയും അദ്ധ്വാനത്തിന്റെ output ന്റെയും അടിസ്ഥാനത്തിലല്ല. അരമണിക്കൂർ ജോലി ചെയ്തവനുമുണ്ട് ഒരു കുടുംബം. അതിന്റെ പുലർച്ചയ്ക്ക് ഒരു ദിനോറോ ആവശ്യം ഉണ്ട്. അവസരദൗർലഭ്യവും കഴിവു കുറവും അവന്റെ കുറ്റമല്ലല്ലോ. പന്ത്രണ്ട് മണിക്കൂർ ജോലി ചെയ്തവൻ ദൈവദാനമായ ആരോഗ്യവും ശേഷിയും അനുസരിച്ച് അദ്ധ്വാനിച്ചു. അവനു പൂർണ്ണ കൂലി കിട്ടി. മത്സര-അദ്ധ്വാനശേഷി കുറഞ്ഞവനും ജീവിതച്ചെലവിന് ഒരു ദിനോറോ വേണമെന്ന് തോട്ടമുടമയ്ക്ക് അറിയാം. അതുകൊണ്ട് അവനും ഒരു ദിനോറോ കൂലി നൽകുന്നു. ഇത് യേശുവിന്റെ പുതിയ നീതിക്രമമാണ്. അദ്ധ്വാനശേഷിയനുസരിച്ച് ഓരോരുവനും ജോലി ചെയ്യുന്നു. മിനിമം ആവശ്യമനുസരിച്ച് ന്യായമായ കൂലി എല്ലാവർക്കും ലഭിക്കുന്നു. അതായത് ഓരോരുവനും കുടുംബം പുലർത്തുവാൻ ആവശ്യമുള്ളത് ഒരു ദിനോറോ മാത്രമാണ്. അതുമാത്രമാണ് ഒരു കുടുംബത്തിന് ചെലവഴിക്കുവാൻ അവകാശമുള്ള ധനം. അതിൽ കൂടുതൽ നേടുവാൻ ആർക്കും അവകാശമില്ല. ആ യുക്തിയനുസരിച്ചാണ് മുതലാളിയുടെ ശമ്പളവിതരണം. ഒരു ദിനോറോയിൽ കവിഞ്ഞ് കയ്യിലെത്തുന്നത് തിരിവുകാർക്ക് അവകാശപ്പെട്ടതാണ്. അത് അവന് കിട്ടിയില്ലെങ്കിൽ കവർച്ച മുതലായി പരിഗണിക്കപ്പെടും. മുതലാളിയുടെ മുമ്പാകെ കൂടുതൽ നേടിയവർ മറുപടി പറയേണ്ടി വരും.

**നുറുങ്ങുവെട്ടം**

**പത്തായം കരയുന്ന വിത്തില്ല കാലം... (വയൽ ഓർമ്മ)**

വയൽ ഓർമ്മകളിൽ മറ്റൊന്നാണ് വിത്തുവിത. വയലൊരുക്കുന്നതിനൊപ്പം പത്തായത്തിൽ നിന്നും പ്രത്യേകം കരുതിയിട്ടിരിക്കുന്ന നെൽവിത്തുകൾ വാരി പതിരുകൾ കളയും. വിത്തിന് ഒപ്പം പത്തായത്തിൽ കടന്നുകൂടിയ പതിരുകൾ മാറ്റുന്നത് ഏറെ ശ്രമകരമാണ്. വലിയ പാത്രത്തിൽ വെള്ളം നിറച്ചശേഷം നെൽവിത്തുകൾ വാരി അതിലിടും. വാരിയിട്ട നെൽവിത്തുകൾ സാവധാനം വെള്ളത്തിൽ ഇളക്കുമ്പോൾ പതിരുകൾ വെള്ളത്തിനു മുകളിലേക്ക് ഉയർന്നു വരും. അതിനെ വാരിക്കളയും. വളരെ അത്ഭുതകരമായ ഒരു കാഴ്ചയാണ്. വിത്തിനൊപ്പം ഭാരമില്ലാത്ത പതിരുകൾ.

ക്രിസ്തുവചനങ്ങൾ എത്ര കൃത്യമാണ് നെല്ലും പതിരും തിരിയുന്നു. ഒരു കാലത്തിന്റെ ഓർമ്മപ്പെടുത്തലാണ്. വിത്തിനുള്ളിലെ ജീവൻ അതിന്റെ ഭാരമാണ് പതിരുകൾക്കു ജീവന്റെ ഭാരമില്ല. വിത്തുകൾ വെള്ളത്തിൽ നിന്ന് വാരി അതിനുവേണ്ടി പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന കുട്ടകളിൽ നിറച്ചുവെക്കും. വിത്തുകളുടെ ഉപരിതലത്തിൽ വട്ടയില നിരത്തിവെക്കും. വിത്തിന് പുറംലോകവുമായി ഉള്ള ബന്ധം മുഴുവനും കുറച്ചു ദിവസത്തേക്ക് അവസാനിപ്പിക്കുന്ന ഒരുക്കമാണത്. പിന്നീട് ഇതിനു മുകളിലായി വലിയ ഭാരമുള്ള കല്ലുകൾ നിരത്തിവെക്കും. ഞാൻ പലപ്പോഴും ഓർക്കാറുണ്ട് ഇത്രയും ഭാരം കുറഞ്ഞ വിത്തുകളുടെ മുകളിൽ എന്തിനാണ് ഇത്ര വലിയ ഭാരമുള്ള കല്ലുകൾ. ഈ സമയമെല്ലാം വയൽ ഒരുക്കത്തിലാണ്. ഇതിനിടയിൽ ഒരു വൈകുന്നേരം പ്രാർത്ഥന കഴിഞ്ഞ് വല്യപ്പച്ചൻ കല്ലുകൾ മാറ്റിയിട്ട് വട്ടയിലയുടെ ഒരു ഭാഗത്തുകൂടി വിത്തുകൾ വാരി നോക്കും. അതിനെല്ലാം മുളകൾ പൊട്ടിയെന്ന് ഉറപ്പുവരുത്തിയാൽ രാവിലെ തന്നെ അത് വിതയ്ക്കാൻ തയ്യാറെടുപ്പ് നടത്തും. ജീവന്റെ പുറപ്പാടുകൾക്ക് മുകളിലുള്ള ഭാരം എന്നും ബലം തന്നെയാണ്. സങ്കീർത്തനക്കാരന്റെ ഭാഷയിൽ 'ബലം ഉള്ളിലുള്ള മനുഷ്യൻ ഭാഗ്യവാൻ'. വിത്തുകൾ എല്ലാ കാലത്തും ദൈവത്തിന്റെ സമ്മാനമാണ്, ദൈവത്തിന്റെ ജീവനാണ്...

വിത്തിനായി കാത്തുകിടക്കുന്ന വയലുകൾ നമുക്ക് നഷ്ടമായി. പത്തായങ്ങൾ ഇതിനെ പ്രതി വല്ലാതെ കരയുന്നുണ്ട്. കാരണം അതിനൊരു കാഴ്ചവസ്തു മാത്രമാണ്... ചിലപ്പോൾ തോന്നും എല്ലാ വിത്തുകളിലും ഒരു അമ്മസ്നേഹത്തിന്റെ പൊരുളാണ് നിറഞ്ഞുനിൽക്കുന്നത്. വിത്തുകൾ ഇല്ലാക്കാലം അമ്മയില്ലാത്ത കാലം തന്നെയാണ്. പത്തായം കരയുന്ന വിത്തില്ല കാലം...

fr. ajeesh

**അനുസ്മരണം**

# ചിറക്കടക്കുന്നേൽ വന്ദ്യ ജോൺ കോറെപ്പിസ്ക്കോപ്പ: നിലപാടുകളുടെ പോരാളി

**ഫാ. ഗീവർഗീസ് പതപ്പിള്ളിൽ**

**2**024 സെപ്റ്റംബർ 25 ബുധനാഴ്ച രാവിലെ ചിറക്കടക്കുന്നേൽ വന്ദ്യ സി. കെ. ജോൺ കോറെപ്പിസ്ക്കോപ്പാകൂടി കർത്തൃസന്നിധിയിലേക്ക് യാത്രയായപ്പോൾ അറ്റുപോകുന്നത് പഴമയുടെയും പാരമ്പര്യത്തിന്റെയും അമൂല്യമായ ഒരു കണ്ണികൂടിയാണ്. 1939 ഡിസംബർ 24 ന് ചിറക്കടക്കുന്നേൽ കോര-ഏലി ദമ്പതികളുടെ മകനായി ഭൂജാതനായ സി. കെ. ജോൺ ചെറുപ്രായം മുതൽ തന്നെ പള്ളി ആരാധനകളിലും സഭാപ്രവർത്തനങ്ങളിലും ആകൃഷ്ടനായി. ഇത് ശ്രദ്ധയിൽപ്പെട്ട തുരുത്തിക്കാട്ട് ഗീവർഗീസ് അച്ചനാണ് പിന്നീട് മദ്ബഹാ ശുശ്രൂഷയിലേക്കും സഭാ ശുശ്രൂഷയിലേക്കും അദ്ദേഹത്തെ പ്രോത്സാഹിച്ചത്. പാമ്പാക്കുട എം.റ്റി.എം ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹത്തെ മലേക്കുരിശ് ദയറായിലേക്കും വൈദിക വിദ്യാഭ്യാസത്തിലേക്കും നയിച്ചത് അന്നത്തെ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായും പിന്നീട് ശ്രേഷ്ഠ കാതോലിക്കയുമായ മാർ ബസേലിയോസ് പൗലോസ് ദ്വിതിയൻ ബാവയായിരുന്നു. വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹത്തിന് ശെമ്മാശ പട്ടവും വൈദിക പട്ടവും പിന്നീട് കോറെപ്പിസ്ക്കോപ്പാ സ്ഥാനവും നൽകി അനുഗ്രഹിച്ചതും ശ്രേഷ്ഠ ബാവ ആയിരുന്നു. 1939 ന്റെ ഒടുവിൽ ആരംഭിച്ച ഈ ധന്യജീവിതം 2024 സെപ്റ്റംബർ ഒടുവിൽ മണ്ണോട് ചേർന്നപ്പോൾ അവശേഷിപ്പിച്ച ഒരുപിടി ഓർമ്മകളും അദ്ദേഹം ഉയർത്തിപ്പിടിച്ച നിലപാടുകളും വ്യക്തിബന്ധങ്ങളും എല്ലാം ഒളിമങ്ങാതെ അനേകം മനസ്സുകളിൽ ഇടം പിടിക്കുക തന്നെ ചെയ്യും.

ഭദ്രാസനത്തിലെ മുതിർന്ന വൈദികനെ ഇളം മുറക്കാരനായ മറ്റൊരു വൈദികൻ അനുസ്മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ജീവിതം എങ്ങനെയാണ് പുതുതലമുറയിലെ വൈദികർ കാണുന്നത് എന്നത് ശ്രദ്ധേയമാക്കുകയാണ്.



ഒരു വൈദികൻ വിശ്വാസ മനസ്സുകളിൽ എളുപ്പത്തിൽ ഇടം പിടിക്കുന്നത് അവരുടെ ആരാധനാ ജീവിതത്തിലൂടെയാണ്. ഈയൊരു കാര്യത്തിൽ വല്ല്യച്ചൻ ഏറെ ഭാഗ്യവാനാണ്. അദ്ദേഹത്തിന്റെ നിഷ്ഠയുള്ള ആരാധനാ ജീവിതവും കാതുകൾക്ക് ഇമ്പമേറുന്ന ശബ്ദ സൗകുമാര്യവും മുതിർന്ന തലമുറയിലുള്ളവർ മാത്രമല്ല ഇളം തലമുറക്കാരും ഒരുപോലെ സാക്ഷ്യപ്പെടുത്തുന്ന വസ്തുതയാണ്. താരതമ്യേന പരിമിതമായ ഗതാഗത സൗകര്യമുണ്ടായിരുന്ന മാമലശ്ശേരി എന്ന ഗ്രാമപ്രദേശത്തു നിന്നും നടന്നും ബസ്സിൽ യാത്ര ചെയ്തുമാണ് അദ്ദേഹത്തിന്റെ വൈദിക ശുശ്രൂഷയുടെ സിംഹഭാഗവും പൂർത്തീകരിച്ചത്. സ്വന്തമായി ഒന്നിലേറെ വാഹനങ്ങൾ ഉണ്ടായിരുന്നപ്പോഴും വല്ല്യച്ചൻ സ്വന്തമായി ഡ്രൈവ് ചെയ്യാൻ ശ്രമിക്കാതെ പൊതു ഗതാഗതത്തെ ആശ്രയിച്ചാണ് യാത്ര ചെയ്തിരുന്നത്. വലിയനോമ്പിൽ എല്ലാ ദിവസവും ഉച്ച നമസ്കാരത്തിന് മുടക്കമില്ലാതെ വന്നിരുന്നത് പഴമക്കാർ ഓർക്കുന്നുണ്ട്. ദുഃഖ വെള്ളിയാഴ്ച നമസ്കാരവും രണ്ടാമത്തെ പ്രദക്ഷിണ വായനയും വിശ്വാസികളുടെ കണ്ണിനെ ഈറനണിയിക്കുന്നത് ഏറെ ശ്രദ്ധേയമായിരുന്നു. വൃത്തിയുള്ള വസ്ത്രധാരണവും ആഹാര ക്രമങ്ങളിലെ മിതത്വവും എന്നും വൈദികരുടെ ഇടയിൽ വല്ല്യച്ചനെ ശ്രദ്ധേയനാക്കിയിരുന്നു. ഇടവകയിലെ തിരക്കൊഴിഞ്ഞ നേരത്ത് തന്റെ കൃഷിയിടത്തിൽ അദ്ധ്വാനിക്കുന്നതിന് അച്ചന് ഒരു മടിയും ഇല്ലായിരുന്നു.

1958 ലെ സഭാ സമാധാന കാലത്തെ തുടർന്നാണ് അദ്ദേഹം വൈദികൻ ആകുന്നത്. ഒന്നായ സഭയുടെ സാക്ഷ്യവും സുഖവും സന്തോഷവും ആവോളം അനുഭവിച്ചാണ് അദ്ദേഹം വൈദികശുശ്രൂഷ ആരംഭിക്കുന്നത്. എന്നാൽ 1970 കളിലെ സഭാ ഭിന്നത അദ്ദേഹത്തെ പാത്രിയർക്കീസ് വിഭാഗത്തിലെ വൈദികനായി നിലനിർത്തി. കക്ഷി വഴക്കുകൾ രൂക്ഷമായ

ഇടവകകളിൽ അദ്ദേഹം പാത്രിയർക്കീസ് വിഭാഗത്തെ കൂട്ടി നിർത്തുന്നതിൽ വളരെ ശ്രദ്ധാലുമായിരുന്നു. എന്നാൽ ഭിന്നിപ്പിന്റെ കയ്പ്പുരസം ഏറെ സഹിച്ച അദ്ദേഹത്തിന് കക്ഷി വഴക്കിന്റെ നിരർത്ഥകതയും എളുപ്പത്തിൽ മനസ്സിലായി. അതുകൊണ്ടുകൂടിയാണ് 1995 ലെ സുപ്രീംകോടതി വിധിയുടെ അന്തസത്ത ഉൾക്കൊണ്ട് സഭാസമാധാനത്തിനും അനുരഞ്ജനത്തിനുമായി അദ്ദേഹം ശക്തമായി നിലപാട് എടുത്തത്. മാതൃ ഇടവകയായ മാമലശ്ശേരി പള്ളിയിൽ സഭാസമാധാനത്തിനുവേണ്ടി സമാനതകളില്ലാത്ത പോരാട്ടം തന്നെ നടത്തി. അസാമാന്യ ധൈര്യവും ആരെയും കൂസാത്ത ഭാവവും ദൈവത്തിലുള്ള ആഴമായ വിശ്വാസവും തന്നെ എതിർക്കുന്നവരിൽപോലും അമ്പരപ്പും വിസ്മയവും ഉണ്ടാക്കിയിരുന്നു. സഭാ ഐക്യത്തിന് അദ്ദേഹത്തെ പ്രചോദിപ്പിച്ച കണ്ടനാട് ഭദ്രാസനത്തിന്റെ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായോടുള്ള അചഞ്ചലമായ കൂറും വിധേയത്വവും അദ്ദേഹം എന്നും പ്രകടിപ്പിച്ചിരുന്നു. മെത്രാപ്പോലീത്തായുടെ നിലപാടുകളിലെ സത്യസന്ധതയും സുതാര്യതയും ഊട്ടിയുറപ്പിക്കുന്നതിനായിരുന്നു പിന്നീടുള്ള അച്ചന്റെ സഭാ പ്രവർത്തനങ്ങൾ. മാത്രമല്ല, സഭാ ഐക്യത്തിലേക്ക് സഹോദര വൈദികരെ ചേർത്തു നിർത്തുന്നതിനായി അച്ചൻ ഏറെ അദ്ധ്വാനിച്ചു. അപ്പോഴും എതിർ നിലപാടുകൾ ഉള്ളവരോട് അദ്ദേഹം വളരെ സൗമ്യമായി പ്രതികരിച്ചു. ഒരുമിച്ചു നടന്നവരും ഭിന്നതയുടെ കയ്പ്പ് നുണഞ്ഞവരും എല്ലാം തന്നെ തെറ്റിദ്ധരിച്ച് അകന്നു എന്നു ബോധ്യപ്പെട്ടപ്പോഴും ഐക്യം എന്ന നിലപാടിൽ അദ്ദേഹം ഉറച്ചു നിന്നു. ആ നിലപാട് ഓർത്തഡോക്സ് സഭാംഗങ്ങളും വിശ്വാസികളും തിരിച്ചറിഞ്ഞ് അച്ചനോടൊപ്പം ഐക്യത്തിനായി ഉറച്ചുനിന്നു എന്നത് ചരിത്രം.

തന്റെ ശരികളോടും ബോധ്യങ്ങളോടും എന്നും കർക്കശമായ നിലപാടാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. സഭാ ഭിന്നതയുടെ കാലത്ത് അദ്ദേഹത്തിന് ലഭിച്ച ബന്ധങ്ങളൊക്കെ സഭാ സമാധാനത്തിനും ഐക്യത്തിനും വേണ്ടി പോരാടിയപ്പോൾ നഷ്ടപ്പെട്ടുവെങ്കിലും സഭയുടെ സാക്ഷ്യത്തെയും ഭാവിയെയും പ്രതി നിലപാടുകളുടെ പോരാട്ടക്കാരൻ അതിൽ പതറിയില്ല. ആ സത്യസന്ധത അദ്ദേഹത്തിന് ഏറെ അനുഗ്രഹകരമായ നിര്യാണവും സംസ്കാര ശുശ്രൂഷയും പ്രാപിക്കുന്നതിന് അവസരമേകി.

ക്ഷിപ്രകോപം അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ പ്രത്യേകതയായിരുന്നുവെങ്കിലും അത് ക്ഷണഭംഗുരമായിരുന്നു എന്ന് അദ്ദേഹത്തിന്റെ കോപത്തിനിരയായിട്ടുള്ള എല്ലാവർക്കും അറിയാവുന്ന മറ്റൊരു വസ്തുതയാണ്. എന്തെല്ലാം സമ്മർദ്ദങ്ങൾ ഉണ്ടായാലും സ്വന്തം പള്ളിയും ഭവനവും അദ്ദേഹത്തിന് ഏറെ പ്രിയപ്പെട്ടതായിരുന്നു. തന്റെ കണ്ണും കാതുമായി നിമിഷം വരെ ചാരത്ത് ഉണ്ടായിരുന്ന ബസ്ക്യാമൊ കുഞ്ഞമ്മ അമ്മായിയും മക്കളായ ജെമിനിയും എൽദോയും അവരുടെ കുടുംബാംഗങ്ങളെയും കൊച്ചുമക്കളെയും അച്ചൻ അത്രമേൽ ഇഷ്ടപ്പെട്ടിരുന്നു. വാർദ്ധക്യ സഹജമായ ക്ലേശങ്ങൾ ഏറെ അലട്ടിയപ്പോഴും മാലാഖയുടെ നടയും അവിടുത്തെ ആരാധനയും അച്ചന് ഏറെ പ്രിയപ്പെട്ടതായിരുന്നു. മാമലശ്ശേരി പള്ളിയുടെ പൂമുഖവും വരാന്തകളും പള്ളിമുറ്റവും മനോഹരമാക്കുന്നതിൽ അച്ചൻ ഏറെ താത്പര്യമെടുത്തിരുന്നു. പാലക്കുഴ സെന്റ് ജോർജ് ചാപ്പലും കൈലോലി സെന്റ് ജോർജ് ചാപ്പലും പിന്നീട് കൈലോലി സെന്റ് ഗ്രീഗോറിയോസ് ചാപ്പലും മാർ മീഖായേൽ സ്റ്റഡി സെന്ററും കാവുങ്കട സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ചാപ്പലും ഒക്കെ അച്ചനിലെ മികച്ച സംഘാടകനെയും പോരാട്ടക്കാരനെയും സൂചിപ്പിക്കുന്ന ഉത്തമ ദൃഷ്ടാന്തങ്ങളാണ്.

ഒരുവന്റെ മരണം കൊണ്ടാണ് അവനെ വിലയിരുത്തുന്നതെങ്കിൽ വല്യച്ചൻ ഭാഗ്യകരമായ നിര്യാണമാണ് പ്രാപിച്ചത് എന്ന് നിസംശയം പറയാം. ഭദ്രാസന മെത്രാപ്പോലീത്തായുടെയും സഭയിലെ മറ്റു പിതാക്കന്മാരുടെയും നേതൃത്വത്തിൽ സഭാ വ്യത്യാസമില്ലാതെ ഒട്ടനവധി വൈദികരുടെയും നൂറുകണക്കിന് വിശ്വാസികളുടെയും പ്രാർത്ഥനകളോടെ വല്യച്ചൻ മടങ്ങി... നിത്യതയിലേക്ക്.... ഭാഗ്യവാനായ പുരോഹിതൻ, ഭരണകർത്താവ്, ഗ്രാമത്തിന്റെ പിതാവ്, സ്നേഹനിധിയായ കുടുംബത്തലവൻ, വിശ്രമമില്ലാത്ത പോരാളി എന്നിങ്ങനെ അനവധി വിശേഷണങ്ങൾ അച്ചന് നൽകാം. മാമലശ്ശേരിക്കിത് സംസ്കാര സമ്പന്നമായ ഒരു പുരോഹിതനിരയുടെ സുപ്രധാന കണ്ണിയാണ് മുറിഞ്ഞുപോയിരിക്കുന്നത്. പരിശുദ്ധനായ പൗലോസ് ശ്ലീഹാ സാക്ഷിക്കുന്നതുപോലെ ‘ഞാൻ നല്ല പോർ പൊരുതി, എന്റെ ഓട്ടം പൂർത്തിയാക്കി, വിശ്വാസം കാത്തു, എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ്, ആ ദിവസം അത് എനിക്ക് സമ്മാനിക്കും’ (2. തിമോത്തിയോസ് 4:7–8). അതെ, ആ ജീവകിരീടം ‘തന്റെ ശുശ്രൂഷകൻ എന്നും തന്നോട് കൂടിയിരിക്കും’ എന്ന് അരുളി ചെയ്ത കർത്താവ് തന്റെ മഹത്വപ്രത്യക്ഷതയിങ്കൽ വല്യച്ചന് നൽകട്ടെ. വിശ്വാസികളെ, ആത്മീയ ഔന്നിത്യത്താൽ തങ്ങളുടെ കണ്ണുകളെ ഈറനണിയിക്കുന്ന ആ ഇമ്പകരമായ ശബ്ദം ഇനി വാനമേഘങ്ങളിൽ വിശുദ്ധ മാലാഖമാരോടൊപ്പം നിത്യസ്തുതിയിലലിയട്ടെ. ഭാഗ്യവാനായ പുരോഹിതാ, അങ്ങ് സമാധാനത്തോടെ പോയാലും.

# ആദിമസഭയിൽ വി. പത്രോസിന്റെയും വി. പൗലൊസിന്റെയും പങ്ക്

ഫാ. ഏലിയാസ് കെ. വി.

*കഴിഞ്ഞലക്കം തുടർച്ച...*

പത്രോസിന്റെ പ്രവർത്തനങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. യരുശലേമിലെ ആദിമസഭയുടെ നേതാവ്
2. മറ്റ് അപ്പോസ്തോലന്മാരുടെ പ്രതിനിധിയും വക്താവും.
3. യേശുവിനെപ്പോലെ തന്നെ വീര്യപ്രവൃത്തികൾ ചെയ്തുവന്ന രോഗസൗഖ്യം നൽകിയവനും.
4. പ്രാഗത്ഭ്യവും ഉറപ്പുമുള്ള ഒരു നേതൃത്വമായി മാറി.
5. പരിശുദ്ധാത്മാവാസത്താൽ രൂപാന്തരം പ്രാപിച്ചു.
6. തന്നിലേയ്ക്കാകാതെ ക്രിസ്തുവിലേയ്ക്ക്/ഗുരുവിലേയ്ക്ക് എല്ലാ മാനവും ശ്രദ്ധയും തിരിച്ചവൻ.
7. ജാതികളുടെ മാനസാന്തരത്തിന് ഉപകരണമായവൻ.
8. സുവിശേഷം യരുശലേമിൽ നിന്നും ശമര്യയിലേയ്ക്കും, ജാതികളുടെ ഇടയിലേയ്ക്കും വ്യാപിക്കുന്നതിന് പാലമായി വർത്തിച്ചവൻ.
9. ജാതികളുടെയിടയിലുള്ള സുവിശേഷ ദൗത്യത്തേയും പൗലൊസിന്റെ ശുശ്രൂഷകളേയും അംഗീകരിച്ച് പ്രവർത്തിച്ചവൻ.
10. ജാതികൾക്കിടയിലുള്ള ദൗത്യത്തിൽ പൗലൊസിന്റെ നേതൃത്വത്തെ അംഗീകരിച്ചവൻ.

**2. വി. പൗലൊസ് ശ്ലീഹാ**

കർത്താവിന്റെ പരസ്യശുശ്രൂഷാ കാലത്ത് വിളിക്കപ്പെട്ട ഒരാളല്ല പൗലൊസ് ശ്ലീഹാ. അതുകൊണ്ട് പന്തിരുവരിൽ ഒരുവനല്ല അദ്ദേഹം. സുവിശേഷങ്ങളിൽ അദ്ദേഹത്തെക്കുറിച്ച് ഒരു പരാമർശവും ഇല്ല. അപ്പോസ്തോല പ്രവൃത്തികൾ എന്ന പുസ്തകത്തിലൂടെയും പൗലൊസിന്റെ പേരിൽ ലഭ്യമായ ലേഖനങ്ങളിലൂടെയുമാണ് വി. പൗലൊസിനെ നാം അറിയുന്നത്. അപ്പോസ്തോല പ്രവൃത്തികളുടെ 1-ാം ഭാഗത്ത് ശൗൽ എന്നുപേരുള്ള ഒരു യഹൂദൻ ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതായി പരാമർശിക്കപ്പെട്ടിരിക്കുന്നു (7:58; 8:3). ഈ ശൗൽ ദമസ്ക്കൊസിന്റെ പടിവാതിൽക്കൽ വച്ച് ക്രിസ്തുവിനാൽ പിടിക്കപ്പെടുന്നതായും, വായിക്കുന്നു (9:1-31). തുടർന്ന് 12:25 മുതൽ 28:30 വരെയുള്ള ഭാഗം ശൗലിന്റെ അഥവാ പൗലൊസിന്റെ പ്രവർത്തനങ്ങളാണ് ലൂക്കൊസ് വിവരിക്കുന്നത്. പത്രൊസിൽ നിന്ന് പൗലൊസിലേയ്ക്കുള്ള എഴുത്തുകാരന്റെ ഒരുമാറ്റം ഇവിടെ നാം മനസ്സിലാക്കുന്നു.

ആരാണ് പൗലൊസ് എന്ന ചോദ്യത്തിന് ഉത്തരം ഇങ്ങനെയാകാം. ഒരു യഹൂദ ക്രിസ്ത്യാനി, പണ്ഡിതൻ, എഴുത്തുകാരൻ സുവിശേഷ ദൂതുമായി യാത്ര ചെയ്ത മിഷനറി, യഹൂദേതരരേയും ക്രിസ്തുമതത്തിലേയ്ക്കു ചേർക്കുവാൻ അത്യുത്സാഹം കാണിച്ചവൻ.

ശൗൽ, പൗലൊസ് എന്നീ പേരുകളെ ഇങ്ങനെ മനസ്സിലാക്കാം. സഭ യരുശലേമിൽ തുടക്കം കുറിച്ചകാലത്തെ വിവരണങ്ങളിൽ കാണുന്ന പേരാണ് ശൗൽ. ഇത് ഒരു എബ്രായ നാമമാണ്. യഹൂദർക്ക് ചിരപരിചിതമായ ഒരു പേര്. ശൗൽ എന്നപേരിന് 'പ്രാർത്ഥിക്കപ്പെട്ടത്' (Prayed for) എന്നാണ് അർത്ഥം. എന്നാൽ യരുശലേമിന്റെ ഭൂമിക വിട്ട് റോമാസാമ്രാജ്യത്തിന്റെ വിശാലതയിലേയ്ക്കും, ജാതികളിലേയ്ക്കും സഭ വളർന്നപ്പോൾ 'യഹൂദത്വ'ത്തേക്കാൾ, പ്രയോജനമായ പൗലൊസ് എന്ന ലത്തീൻ പേരാണ് അപ്പോസ്തോല പ്രവൃത്തികളുടെ എഴുത്തുകാരൻ ഉപയോഗിക്കുന്നത്. 'പൗലൊസ്' എന്ന പേരിന് ചെറുത്, വിനയമുള്ളത് എന്നൊക്കെയാണ് അർത്ഥം. തന്റെ ലേഖനങ്ങളിൽ പൗലൊസ് ഉപയോഗിക്കുന്ന നാമം 'പൗലൊസ്' എന്നുതന്നെയാണ്. അതുകൊണ്ട് ഈ രണ്ടുപേരുകളെ 'മാനസാന്തര'ത്തിനു മുമ്പും ശേഷവും എന്ന് വേർതിരിക്കരുത്.

ക്രിസ്തുവിനുവേണ്ടി ആദ്യ രക്തസാക്ഷിയായ സ്തേഫാനോസിനെ കല്ലെറിഞ്ഞവരുടെ വസ്ത്രം സൂക്ഷിച്ചതും (7:58) വീടുതോറും ചെന്ന് ക്രിസ്തുമാർഗ്ഗം സ്വീകരിച്ചവരെ ഉപദ്രവിച്ചതും (8:3) ശൗലാണ്. ഈ താത്പര്യത്തോടെ അധികാരപത്രവും വാങ്ങി ദമസ്ക്കോസിലേയ്ക്കു പോകുമ്പോഴാണ് ക്രിസ്തു പൗലൊസിനെ പിടിക്കുന്നത് (9:1-18; 22:4-16; 26:9-18; ഗലാത്യ 1:13-17). ആ സംഭവത്തിന്റെ തുടർച്ചയിൽ പൗലൊസ് ആദിമ നൂറ്റാണ്ടിൽ ക്രിസ്തുസഭ ജാതികളിലേയ്ക്കു വ്യാപിക്കുന്നതിൽ മുഖ്യ കാര്യദർശിയായി. താൻ സഞ്ചരിച്ച ദേശങ്ങളിൽ സഭ സ്ഥാപിക്കുകയും, സഭയിലെ ശുശ്രൂഷയ്ക്കായി അനുയോജ്യരായവരെ കണ്ടെത്തി ചുമതലപ്പെടുത്തുകയും, സാധ്യമായപ്പോഴൊക്കെ അവിടെ വീണ്ടും സന്ദർശിക്കുകയും, അവരുടെ ക്ഷേമത്തിനും, വിശ്വാസ-വേദശാ

സ്ത്രങ്ങളുടെ ഉറപ്പിനും, തിരുത്തലിനുമായി കത്തുകൾ എഴുതുകയും ചെയ്തു എത്രമാത്രം തീക്ഷ്ണതയോടെ ക്രിസ്തു മാർഗ്ഗത്തെ തകർക്കാൻ ശ്രമിച്ചുവോ അതിലേറെ താത്പര്യത്തോടെ ഈ മാർഗ്ഗത്തിനുവേണ്ടി നിലകൊള്ളുകയും ഒടുവിൽ രക്തസാക്ഷിയാകയും ചെയ്തു. പൗലൊസിന്റെ പേരിൽ 13 എഴുത്തുകളും, പേരില്ലെങ്കിലും പൗലൊസ് എഴുതിയത് എന്ന് പാരമ്പര്യമായി വിശ്വസിക്കപ്പെടുന്ന ഒരു ലേഖനവും ഉൾപ്പെടെ 14 ലേഖനങ്ങൾ വേദപുസ്തകത്തിൽ-പുതിയനിയമത്തിൽ നമുക്ക് ലഭ്യമാണ്.

തന്റെ ജീവിതത്തെക്കുറിച്ച് ഗലാത്യസഭയോട് പൗലൊസ് പറയുന്നത്: "ഞാൻ ദൈവത്തിന്റെ സഭയെ അത്യന്തം ഉപദ്രവിച്ച് മുടിക്കുകയും എന്റെ പിതൃപാരമ്പര്യത്തെക്കുറിച്ച് അത്യന്തം എരിവേറി എന്റെ സ്വജനത്തിൽ സമപ്രായക്കാരായ പലരേക്കാളും യഹൂദമതത്തിൽ അധികം മുതിരുകയും ചെയ്തിരുന്നു" (ഗലാത്യ 1:14) എന്നാണ്.

യരുശലേമിൽ ദേവാലയത്തിൽ വഴിപാടു കഴിപ്പാൻ പോയ പൗലൊസിനെ ജനം ഉപദ്രവിക്കുമ്പോൾ സഹസ്രാധിപൻ അവനെ ബന്ധനസ്ഥനാക്കി കോട്ടയിലേയ്ക്കു കൊണ്ടുപോകുന്നുണ്ട്. കോട്ടയിൽ പ്രവേശിക്കും മുമ്പ് പൗലൊസ് ജനത്തോടു സംസാരിച്ചു തുടങ്ങുന്നത് ഇങ്ങനെയാണ്: "ഞാൻ കിലിക്യയിൽ തർസൊസിൽ ജനിച്ച യഹൂദനും ഈ നഗരത്തിൽ വളർന്ന് ഗമാലിയേലിന്റെ കാൽക്കൽ ഇരുന്ന് പിതാക്കന്മാരുടെ ന്യായപ്രമാണം സൂക്ഷ്മതയോടെ അഭ്യസിച്ചവനുമാകയാൽ നിങ്ങൾ എല്ലാവരും ഇന്ന് ഇരിക്കുന്നതുപോലെ ദൈവസേവയിൽ എരിവുള്ളവനായിരുന്നു" (അ. പ്ര. 22:3). ഇതുകൂടാതെ അദ്ദേഹം റോമാ പൗരനും ആയിരുന്നു (അ. പ്ര. 22:25; 21:39; 16:37-38).

ഇങ്ങനെയൊക്കെ അഭിമാനിച്ചിരുന്ന പൗലൊസ് ക്രിസ്ത്യാനിയായപ്പോൾ ഇതെല്ലാം നിസ്സാരമെന്ന് ഗണിക്കുകയാണ്. കർത്താവിനുവേണ്ടിയും അവന്റെ സുവിശേഷത്തിനുവേണ്ടിയും ഏതുതരത്തിലുള്ള ഉപദ്രവം സ്വീകരിക്കുവാനും പൗലൊസ് തയ്യാറാകുന്നു. താനനുഭവിച്ച പീഡനങ്ങളെക്കുറിച്ച് 2. കൊരി. 11:23-28 ഭാഗങ്ങളിൽ പൗലൊസ് പരാമർശിക്കുന്നുണ്ട്. ഇനിയും അദ്ദേഹം പ്രശംസിക്കുന്നത് ക്രിസ്തുവിലാണ്. അതുകൊണ്ട് താൻ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു എന്ന് ഉറപ്പോടെ പറയുന്നു (2. കൊരി. 12:2).

പൗലൊസിന്റെ പ്രവർത്തനരീതി എന്തായിരുന്നുവെന്ന് അദ്ദേഹം തന്നെ വെളിപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്. "യഹൂദന്മാരെ നേടേണ്ടതിന് ഞാൻ യഹൂദന്മാർക്ക് യഹൂദനെപ്പോലെ ആയി; ന്യായപ്രമാണത്തിൻ കീഴുള്ളവരെ നേടേണ്ടതിന് ഞാൻ ന്യായപ്രമാണത്തിൽ കീഴുള്ളവനല്ല എങ്കിലും ന്യായപ്രമാണത്തിൻ കീഴുള്ളവർക്ക് ന്യായപ്രമാണത്തിൻ കീഴുള്ളവനെപ്പോലെ ആയി. ദൈവത്തിനു ന്യായപ്രമാണമില്ലാത്തവൻ ആകാതെ, ക്രിസ്തുവിന് ന്യായപ്രമാണമുള്ളവനായിരിക്കേ, ന്യായപ്രമാണമില്ലാത്തവരെ നേടേണ്ടതിന് ഞാൻ ന്യായപ്രമാണമില്ലാത്തവർക്കു ന്യായപ്രമാണമില്ലാത്തവനെപ്പോലെ ആയി. ബലഹീനന്മാരെ നേടേണ്ടതിന്നു ഞാൻ ബലഹീനർക്കു ബലഹീനനായി; ഏതുവിധത്തിലും ചിലരെ രക്ഷിക്കേണ്ടതിന്നു ഞാൻ എല്ലാവർക്കും എല്ലാമായി തീർന്നു" (1. കൊരി. 9:20-22). അനുരൂപപ്പെടൽ, തദ്ദേശീകരണം എന്നൊക്കെ ആധുനിക വ്യാവഹാരികഭാഷയിൽ പറയുന്ന ആശയങ്ങളാണ് ഇവിടെ പൗലൊസിന്റെ സുവിശേഷീകരണ മാതൃകയിൽ കാണുന്നത്. ഇത് പ്രയോഗിക്കുമ്പോൾ അത്യധികം സൂക്ഷ്മത ആവശ്യമാണ്. അഥേനയിലെ അരയോപഗക്കുന്നിലെ 'അജ്ഞാത ദേവനെ' ക്രിസ്തുവായി അവതരിപ്പിക്കുന്ന പൗലോസിന്റെ പ്രസംഗം വളരെ നല്ല ഉദാഹരണമാണ് (അ. പ്ര. 17:22 മു.)

യഹൂദനെ നേടുവാനുള്ള ശ്രമമായി പൗലൊസ് യരുശലേമിൽ വഴിപാടുകഴിക്കുന്നതും (അ. പ്ര. 21:17 മു.) തിമൊഥെയോസിനെ പരിഛേദന കഴിപ്പിക്കുന്നതും (അ. പ്ര. 16:1-3) ഇങ്ങനെ മനസ്സിലാക്കാം.

ചില പ്രതിസന്ധിഘട്ടങ്ങളിൽ സ്വയം രക്ഷയ്ക്കായി തന്ത്രപൂർവ്വം ഇടപെടുന്ന പൗലൊസിനെ നമുക്ക് കാണാം. യരുശലേമിലെ ന്യായാധിപസംഘത്തിനു മുമ്പിൽ പരീശരും സാദൂക്യരും ഉണ്ടെന്നറിയുമ്പോൾ, മരിച്ചവരുടെ പുനരുത്ഥാന വിഷയമാണ് താൻ ബന്ധിതനാകാൻ കാരണമെന്ന് പറഞ്ഞ് ന്യായാധിപ സംഘത്തിൽ ഛിദ്രമുണ്ടാക്കുന്നുണ്ട് (അ. പ്രവൃ. 23:6-10). തന്റെ പേരിലുള്ള കുറ്റാരോപണവും വിസ്താരവും നീണ്ടുപോകുമ്പോൾ പൗലൊസ്, തനിക്കുലഭിച്ച ദൈവിക വെളിപ്പാടിന്റെ (അ. പ്ര. 23:11) പൂർത്തീകരണത്തിനെന്നപോലെ കൈസരെ അഭയം ചൊല്ലുകയും (അ. പ്ര. 25:11-12) അതിന്റെ ഫലമായി റോമിലേയ്ക്ക് കൊണ്ടുപോകപ്പെടുകയും ചെയ്യുന്നു. അങ്ങനെ റോമിൽ കൂലിക്കു വാങ്ങിയ വീട്ടിൽ പാർത്തുകൊണ്ട് പൗലൊസ് രണ്ടുവർഷം സുവിശേഷഘോഷണം നടത്തുന്നതായി പറഞ്ഞുകൊണ്ടാണ് അ. പ്രവൃത്തികളുടെ പുസ്തകം അവസാനിക്കുന്നത് (അ. പ്ര. 28:29-30).

പത്രൊസിനെപ്പോലെ പൗലൊസും രോഗസൗഖ്യം നൽകിയ സംഭവങ്ങൾ നാം വായിക്കുന്നുണ്ട്. പൗലൊസിന്റെ മെയ്മേൽ നിന്ന്

റൂമാലും ഉത്തരീയവും രോഗികളുടെമേൽ കൊണ്ടിടുകയും രോഗികൾ സൗഖ്യം പ്രാപിക്കുകയും ചെയ്തു (അ. പ്ര. 19:11–12). ത്രോവാസിൽ വച്ച് യൂത്തിക്കൊസ് എന്ന യൗവ്വനക്കാരനെ ഉയിർപ്പിച്ചു (അ. പ്ര. 20:9–12). കർത്താവിൽ ആശ്രയിച്ചു പ്രാഗത്ഭ്യത്തോടെ പ്രസംഗിക്കുകയാൽ 'അവരുടെ കൈയ്യാൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുവാൻ വരം നൽകി' എന്നാണ് ലൂക്കൊസ് രേഖപ്പെടുത്തുന്നുത് (അ. പ്ര. 14:3).

അപ്പോസ്തോലത്വത്തിന്റെ ലക്ഷണമായാണ് അടയാളങ്ങളും അത്ഭുതങ്ങളും വീര്യപ്രവൃത്തികളും പൗലൊസ് കാണുന്നത് (2. കൊരി. 12:12, റോമ. 15:18–19). എന്നാൽ തീമോഥെയോസിന്റെ അസുഖത്തിന് മരുന്നു നിർദ്ദേശിക്കുകയാണ് പൗലൊസ് ചെയ്യുന്നത് (1. തിമോ. 5:23).

പൗലൊസ് ശ്ലീഹായുടെ ജ്ഞാനം, ഗമാലിയേലിന്റെ ശിക്ഷ്യത്വം, റോമാ പൗരത്വം എന്നിവ ജാതികളുടെ ഇടയിലെ പ്രേക്ഷിതത്വത്തിന് സഹായകമായി എന്നുവേണം മനസ്സിലാക്കുവാൻ. പത്രോസ് മുതൽ പേർ കർത്താവിന്റെ പരസ്യശുശ്രൂഷയിൽ പങ്കാളികളായിരുന്നുവെങ്കിലും അവരുടെ യഹൂദസമൂഹത്തിലെ സ്ഥാനം ക്രിസ്തുമതത്തെ യഹൂദ മതത്തിലെ ഒരു പ്രത്യേക വിഭാഗം എന്നുമാത്രം പരിഗണിക്കുന്ന വിധത്തിലാക്കിയിരുന്നു. ഈ മാർഗ്ഗം 'ഭൂമിയുടെ അറ്റത്തോളവും' (അ. പ്ര. 1:8) എത്തിക്കുവാൻ അവർക്ക് സാധ്യമായിരുന്നില്ല. കാരണം, അവരുടെ ലോകപരിചയവും ജ്ഞാനവും യാത്രാതാൽപ്പര്യങ്ങളും പരിമിതമായിരുന്നു. ഈ പരിമിതികളെ അതിലംഘിക്കുവാൻ പൗലോസിന്റെ വ്യക്തിത്വം വളരെ സഹായകമായി എന്ന് അപ്പോസ്തോല പ്രവൃത്തികളുടെ സൂക്ഷ്മവായനയിൽ മനസ്സിലാക്കാം.

പൗലൊസ് ക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷാകാലത്ത് വിളിക്കപ്പെട്ടില്ലായെന്നതും യരുശലേമിലെ സഭ അപ്പോസ്തോലത്വത്തിന് നിശ്ചയിച്ച യോഗ്യത പൗലൊസിനില്ലാ എന്നതും അദ്ദേഹത്തിന്റെ അപ്പോസ്തോലത്വത്തെ കുറയ്ക്കുന്നില്ല. ദമസ്ക്കോസിന്റെ പടിവാതിൽക്കൽ വച്ച് പൗലൊസിനെ വിളിക്കുന്നത് ക്രിസ്തുവാണ്. അനന്യാസ് തനിക്ക് ക്രിസ്തു നൽകിയ നിർദ്ദേശത്തോട് സംശയത്തോടെ പ്രതികരിക്കുമ്പോൾ ക്രിസ്തു പൗലൊസിനെക്കുറിച്ച് കൃത്യമായ ദർശനം അനന്യാസിന് നൽകുന്നുണ്ട് (അ. പ്ര. 9:1–8). ഇത് പൗലൊസ് തന്റെ സാക്ഷ്യമായി ആവർത്തിച്ചു പറയുന്നുമുണ്ട്. പഴയനിയമകാല പ്രവാചകന്മാരെ ദൈവം വിളിച്ചതിനോട് സമമാണ് തന്റെ വിളിയെന്ന് പൗലൊസ് ഗലാത്യരെ ഓർമ്മപ്പെടുത്തുന്നുമുണ്ടല്ലോ (ഗലാത്യർ 1:15).

**ഉപസംഹാരം**

ആദിമസഭയിലെ പൗലൊസിന്റെ പ്രവർത്തനങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

- ക്രിസ്തുവിന്റെ പരസ്യശുശ്രൂഷാവേളയിൽ രംഗത്തുണ്ടായിരുന്നില്ല എങ്കിലും, അപ്പോസ്തോലത്വത്തിൽ ഒരു കുറവുമില്ലാത്തവനാണ് പൗലൊസ്.
- പത്രൊസ് തുടങ്ങിവച്ച ജാതികളുടെ ഇടയിലുള്ള സുവിശേഷീകരണം മുന്നോട്ടുകൊണ്ടുപോയത് പൗലൊസാണ്.
- ജാതികളുടെ പ്രവേശനവും യഹൂദ ക്രിസ്ത്യാനികളുടെ താത്പര്യങ്ങളും തമ്മിലുണ്ടായ പ്രശ്നത്തിൽ പൗലൊസിന്റെ നിലപാടുകൾക്കാണ് പൊതുവേ അംഗീകാരം ലഭിച്ചത്. പത്രൊസും യാക്കോബും ആ നിലപാടിനെ പിന്തുണച്ചു.
- പരീശനും ജ്ഞാനിയും റോമാ പൗരനുമെന്ന 'ഉന്നതി'യെ ക്രിസ്തുവിന്റെ സുവിശേഷത്തിനു വേണ്ടി വെറുമയാക്കി. എന്നാൽ അത് പൗലോസിന്റെ സുവിശേഷ യാത്രയ്ക്ക് ഗുണമായി.
- സുവിശേഷ യാത്രയിൽ ചെന്നെത്തുന്നയിടങ്ങളിൽ ചിതറിപ്പാർക്കുന്ന യഹൂദരും അവരുടെ പള്ളിയുമായിരുന്നു പ്രഥമ പരിഗണന. എന്നാൽ ജാതികളിലേയ്ക്കു തിരിയുന്നത് യഹൂദന്മാർ ക്രിസ്തുവിനെ ഉൾക്കൊള്ളാൻ വിസമ്മതിച്ചതിനാലാണ് (അ. പ്ര. 18:5–6).
- യേശുവിനെപ്പോലെ, പത്രൊസിനെപ്പോലെ പൗലൊസും അടയാളങ്ങളും അത്ഭുതങ്ങളും ചെയ്തു; രോഗികൾക്ക് സൗഖ്യം നൽകി.
- വളരെ പ്രാഗത്ഭ്യത്തോടെ പൗലോസ് ക്രിസ്തുവിനെ സാക്ഷിച്ചു. അതിന് ചെന്നെത്തുന്നയിടത്തെ സാഹചര്യങ്ങളെ വളരെ ശ്രദ്ധയോടെ നിരീക്ഷിക്കുകയും സൂക്ഷ്മതയോടെ പ്രയോജനപ്പെടുത്തുകയും ചെയ്തു.
- താൻ സ്ഥാപിച്ച സഭകളുടെ നടത്തിപ്പിനായി നേതൃത്വത്തെ നിയോഗിക്കുകയും, ആവശ്യസന്ദർഭങ്ങളിൽ അവരുടെ പ്രശ്നങ്ങളെ കത്തുകളിലൂടെ സംബോധന ചെയ്കയും, സാധ്യമായ സന്ദർഭങ്ങളിൽ അവിടങ്ങളിൽ സന്ദർശനം നടത്തുകയും ചെയ്തു.
- മുഖം നോക്കാതെ, തെറ്റുകണ്ടെത്തിയാൽ അതു തുറന്നു പറയുന്ന രീതി നിലനിർത്തി.

പത്രൊസ്, പൗലൊസ് എന്നീ അപ്പോസ്തോലന്മാർ ഒരുമിച്ച് പരാമർശിക്കപ്പെടുന്നു; അവരുടെ ഓർമ്മ സഭ ഒരുമിച്ച് ആചരിക്കുന്നു. ആദിമസഭയിലെ അവരുടെ പ്രവർത്തനം, നേതൃത്വ ശൈലി ഇന്നു നമുക്ക് പ്രചോദനമാകട്ടെ, മാതൃകയാകട്ടെ.

ധ്യാനം

# വിഡ്ഢിയാവാതെ വിശ്വസ്തനാവുക

**വി. ലൂക്കോസ് 12:13 – 21**

**ഫാ. സിബി മാത്യു വർഗീസ്**

**'നാർ**സിസ്റ്റ്' (Narcissistic) അല്ലെങ്കിൽ 'നാർസിസം' എന്നു കേട്ടിട്ടില്ലേ. നാർസിസിസ്റ്റിക് പേഴ്സണാലിറ്റി ഡിസോർഡർ പലതരത്തിലുള്ള വ്യക്തിത്വ വൈകല്യങ്ങളിൽ ഒന്നാണ്. അവനവനോട് തന്നെ അമിതമായ ഇഷ്ടവും പ്രാധാന്യവും തോന്നുകയും അതിനെത്തുടർന്ന് മറ്റുള്ളവർക്ക് തീരെ മൂല്യം കൽപിക്കാതിരിക്കുകയുമെല്ലാം ചെയ്യുന്നവരെയാണ് പൊതുവേ നമ്മൾ 'നാർസിസ്റ്റു'കൾ എന്ന് വിളിക്കുന്നത്. ഒന്നുകൂടി ചുരുക്കി പറഞ്ഞാൽ അമിത സ്വാർത്ഥത ഉള്ളവർ നാർസിസിസ്റ്റിക് പേഴ്സണാലിറ്റി ഡിസോർഡർ ഉള്ള വ്യക്തി ആണെന്ന് പറയാം. നാർസിസം എന്ന അവസ്ഥയിലേക്കുള്ള ആദ്യ ചവിട്ടുപടിയായാണ് സ്വാർത്ഥതയെ കണക്കാക്കുന്നത്. നാർസിസത്തിനു സുവിശേഷം പരിചയപ്പെടുത്തുന്ന മികച്ച ഉദാഹരണമാണ് ഈ വേദഭാഗത്തെ ധനികൻ. വേദപുസ്തകം അയാളെ അടയാളപ്പെടുത്തുന്നത് 'മൂഢനായ ധനികൻ' (Rich Fool) എന്നാണ്. കൈയ്യിൽ പൂത്ത പണമുണ്ട് പക്ഷേ അഞ്ചു പൈസയുടെ വിവരമില്ലെന്നു ചില മനുഷ്യരെപ്പറ്റി പറയാറില്ലേ, ഏതാണ്ട് അതുപോലെ. ശരിക്കും ഇയാളുടെ കഥയിലേക്ക് വരുന്നത് യേശുവിന്റെ ചുറ്റും കൂടിയിരുന്ന മനുഷ്യരിൽ നിന്നും ഉയർന്നുവന്ന ഒരു ചോദ്യത്തിൽ നിന്നുമാണ്. ഒരു മനുഷ്യൻ തന്റെ സഹോദരനുമായുള്ള വസ്തുതർക്കം പരിഹരിക്കാൻ യേശുവിന്റെ സഹായം അഭ്യർത്ഥിക്കുകയാണ്. അക്കാലത്തു ഇതുവളരെ സാധാരണമായിരുന്നു. തങ്ങൾക്ക് പരിഹരിക്കാൻ കഴിയാത്ത തർക്കങ്ങളുമായി റബ്ബിമാരുടെ സഹായം തേടി പോകുന്ന രീതി യഹൂദന്മാരുടെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെതന്നെ ആയിരിക്കണം ഇയാളും വന്നത്. വില്യം ബാർക്ലേ പറയുന്നത്: 'അവൻ യേശുവിന്റെ ധാർമ്മിക അധികാരം പ്രയോജനപ്പെടുത്തി തന്റെ സഹോദരന്റെ മേൽ അധികാരം നേടാൻ യേശുവിന്റെ അധികാരം ഉപയോഗിക്കാൻ ശ്രമിക്കുന്നു. 'യഥാർത്ഥത്തിൽ ഇവിടെ വസ്തുതർക്കമാണോ വിഷയം?' അല്ലാ... 'സ്നേഹമില്ലായ്മയാണ്' (lack of love) വിഷയം. അയാളുടെ മനോഭാവം ഒന്നു ശ്രദ്ധിച്ചാൽ എല്ലാം മനസ്സിലാകും. ഒറ്റനോട്ടത്തിൽ എന്തൊരു നല്ല മനുഷ്യൻ. സഹോദരനുമായി തർക്കമുണ്ടായപ്പോൾ മറ്റെങ്ങും പോകാതെ കർത്താവിന്റെ സന്നിധിയിലേക്ക് വരുന്ന സമാധാനപ്രേമിയായ മനുഷ്യൻ. ഇത്തിരി വിട്ടുകൊടുത്താൽ താനെ പരിഹരിക്കാവുന്ന വിഷയം യേശുവിനെ സ്വാധീനിച്ചു തീർക്കാൻ വന്നതാണ് വിഡ്ഢിയായ ബുദ്ധിമാൻ. വിമർശനബുദ്ധ്യാ ഇത്തിരി അമർഷത്തോടെയാണ് യേശു അയാളോട് പ്രതികരിക്കുന്നത്. നിന്റെ വസ്തുതർക്കം തീർക്കാനുള്ള ആളായി എന്നെ കാണേണ്ട എന്നാണ് കർത്താവു പറയുന്നത്. അതിനുശേഷമാണ് ധനികന്റെ ഉപമയിലേക്ക് വരുന്നത്. ഒരു കർഷകനു ആ വർഷം വിളവെടുപ്പ് വളരെ വലുതായിരുന്നു, അത് സംഭരിക്കാൻ തനിക്കു ഇടമില്ലാതായേക്കാം എന്നു കരുതുന്നു. അതുകൊണ്ട് കളപ്പുര പൊളിച്ചു വിസ്താരപ്പെടുത്തി പണിയാൻ അയാൾ ആലോചിക്കുന്നു. എല്ലാം കൃത്യമായി സംഭരിച്ചു, സൂക്ഷിച്ചു കഴിഞ്ഞാൽ 'ആശ്വസിക്കണം, തിന്നണം, കുടിക്കണം, ആനന്ദിക്കണം' എന്ന് ഉള്ളിൽ ചിന്തിക്കുകയും ചെയ്യുന്നു. ഒന്നാലോചിച്ചാൽ പക്വതയും, പ്രായോഗികബുദ്ധിയുമുള്ള നല്ലൊരു കർഷകൻ/ബിസിനസുകാരൻ അങ്ങനെ ചിന്തിക്കുന്നതിൽ എന്ത് തെറ്റാണു. നാലുകാര്യങ്ങൾ അയാളിൽ നിന്നും പഠിക്കണം. ഒന്ന്, തന്റെ വിളവിൽ ഒരല്പം പോലും പാഴായി പോകാതെയിരിക്കാനുള്ള പരിശ്രമം (Effectual & Unwasteful). രണ്ട്, കളപ്പുരകൾ പൊളിച്ചു പണിയണമെന്നത് മികച്ച ആസൂത്രണത്തിന്റെ ഭാഗമാണ് (Calculating &

### എൽഡേഴ്സ് ഫോറം ഏകദിന യോഗം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ എൽഡേഴ്സ് ഫോറം അംഗങ്ങളുടെ ഒരു ഏകദിന യോഗം 2024 ഒക്ടോബർ 21–ാം തീയതി തിങ്കളാഴ്ച വെട്ടിത്തറ സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തുവാനുള്ള ഒരുക്കങ്ങൾ ചെയ്തുവരുന്നു. കോലഞ്ചേരി മെഡിക്കൽ കോളേജിലെ പ്രൊഫ. ഡോ. എബ്രഹാം ഇട്ടിയച്ചൻ, (ജനറൽ മെഡിസിൻ), രാജഗിരി ആശുപത്രി ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ശ്രീമതി ദിവ്യ ഉമ്മൻ എന്നിവർ വിവിധ ക്ലാസുകൾ നയിക്കുന്നതായിരിക്കും. ഭദ്രാസനത്തിലെ 56 വയസ്സിന് മുകളിലുള്ള സ്ത്രീ-പുരുഷന്മാരും അവരുടെ ജീവിത പങ്കാളികളും പങ്കെടുക്കണമെന്ന് അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത കല്പനകയിലൂടെ പള്ളികളെ അറിയിച്ചിട്ടുണ്ട്.

Charting), മൂന്ന്, അയാളുടെ സമ്പാദ്യശീലം (Savings), നാല്, ഭാവിക്കായുള്ള അയാളുടെ തയ്യാറെടുപ്പ് (Future Forecasting). ഈ കാലത്ത് ജീവിക്കാൻ നമുക്കെല്ലാവർക്കും വേണ്ട ഗുണങ്ങളാണ് ഇവയെല്ലാം. പക്ഷേ എന്നിട്ടുമെന്തെ വേദപുസ്തകം ഇയാളെ 'വിഡ്ഢിയായ ധനികൻ' എന്നു വിളിക്കുന്നത്. എവിടെയാണ് അയാൾക്ക് പാളിപോകുന്നത്. അതു അയാളുടെ ആത്മഗതത്തിൽ വ്യക്തമാണ്. കളപ്പുര നിറഞ്ഞുകഴിയുമ്പോൾ ഇനി ആശ്വസിക്കാം, തിന്നാം, കുടിക്കാം, ആനന്ദിക്കാം എന്ന അയാളുടെ പദ്ധതിയാണ് അയാളെ വിഡ്ഢിയാക്കുന്നത്. ഒറ്റയ്ക്ക് സുഖിക്കാമെന്ന അയാളുടെ നാർസിസ്റ്റിക് മനോഭാവം അയാളുടെ ഭാഗത്തു വന്ന വലിയ പിഴവാണ്. അയാളുടെ സാമൂഹിക ജീവിതം എത്ര പരിതാപകരമായിരിക്കണം. ആരോടും, ഒന്നിനോടും ഒരു പ്രതിപത്തിയില്ലാതെ ജീവിക്കുന്ന മനുഷ്യൻ. ഒരു ജീവിതമല്ലേയുള്ളു, കാശ് ഇഷ്ടം പോലെയുണ്ടല്ലോ. ആരെയും ഒന്നിനെയും നോക്കേണ്ട അടിച്ചുപൊളിച്ചു ജീവിക്കണം, അത്രതന്നെ. സുഖാന്വേഷികളായ മനുഷ്യർ (Pleasure seekers). ചത്താൽ ആരേലും അടക്കിക്കോളുമെന്ന ചിന്തയിൽ ജീവിക്കുന്നവർ. (ഉള്ള സമയത്ത് പത്തു കാശ് ഉണ്ടാക്കണം. പള്ളിയിൽ പോകാതെ, പ്രാർത്ഥനയിൽ സംബന്ധിക്കാതെ സകലതിനെയും തുച്ഛീകരിച്ചു, താൻ ചെയ്യുന്ന സകലതിനെയും ന്യായീകരിച്ചു, സ്വന്തം സുഖം മാത്രം നോക്കി ജീവിക്കുന്ന മനുഷ്യർ).

തന്റെ വിളകൾ വിപണിയിൽ നിറച്ചാൽ, ഉയർന്ന ലഭ്യതയും കുറഞ്ഞ ഡിമാൻഡും ഉണ്ടായിരിക്കുമെന്നും, പിന്നീട് വില കുത്തനെ ഇടിയുമെന്നും അവനറിയാമായിരുന്നു. സ്വാർത്ഥതയോടെ, വിതരണം നിയന്ത്രിക്കാനും ഉയർന്ന വില നിലനിർത്താനും തന്റെ വിളകൾ സംഭരിക്കാനാണ് അയാൾ കളപ്പുരകൾ വിസ്തൃതമാക്കുന്നത്. ജീവിതവിജയം തന്റെ സമ്പത്തിന്റെ സമൃദ്ധിയിൽ മാത്രം അളക്കുന്ന മനുഷ്യൻ. തന്റെ മരണം ഏറെ അകലെയാണെന്ന് ചിന്തിച്ചു ജീവിക്കുന്ന മനുഷ്യൻ. പക്ഷേ അടുത്ത പകൽ അവനു അന്യമായി പോവുകയാണ്. ദൈവം അവനോട് പറയുന്നത് 'ഈ രാത്രിയിൽ നിന്റെ ആത്മാവിനെ നിന്നോട് ചോദിക്കും' എന്നാണ്. എല്ലാം തന്റെയാണെന്ന അഹങ്കാരത്തിൽ ജീവിക്കുന്ന മനുഷ്യനു ഒരു കാര്യത്തിൽ മാത്രം തെറ്റി... ഉള്ളിലെ ആത്മാവ് ഉടയവനു സ്വന്തം, അതു അവന്റെ സമയത്ത് തിരികെയെടുക്കും. ICU, Ventilator... അതിനപ്പുറത്തേക്ക് വല്ലതുമുണ്ടോ? പിള്ളേര് വന്നു കാണുന്നവരെ രണ്ടോ, മൂന്നോ ദിവസം പിടിച്ചുനിർത്താം. അതും സ്വാഭാവികജീവൻ അല്ല.

സുവിശേഷത്തിലെ ധനവാന്റെ ഉപമകൾ വളരെ മോശമായി വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ദൈവം ധനത്തിനോ, ധനികർക്കോ എതിരാണോ? എല്ലാ ധനികരും പാപികളാണോ? അല്ല. അങ്ങനെയെങ്കിൽ ഇയ്യോബിന് നഷ്ടപ്പെട്ടുപ്പോയ സമൃദ്ധി തിരികെ കൊടുക്കുമോ. പക്ഷേ നമ്മുടെ കളപ്പുരകളുടെ കാവൽക്കാരനല്ല ദൈവം. നമ്മുടെ സാമ്പത്തിക കാര്യങ്ങൾ ക്രമപ്പെടുത്തുന്ന കാര്യസ്ഥനുമല്ല ദൈവം. നമ്മുടെ നിക്ഷേപങ്ങളുടെ സെക്യൂരിറ്റിയായിട്ടും ദൈവത്തെ നിയമിക്കേണ്ട. പക്ഷേ ഒന്നോർക്കുക, ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന ധനം എങ്ങനെ വിനിയോഗിക്കുന്നു എന്നുള്ളതു അവൻ ശ്രദ്ധിക്കുന്നുണ്ട്. ധനത്തോടുള്ള മനുഷ്യന്റെ മനോഭാവം എങ്ങനെയെന്നു സസൂക്ഷ്മം വീക്ഷിക്കുന്നുണ്ട്. അവിടെയാണ് മനുഷ്യൻ പക്വത കാണിക്കേണ്ടത്. ആ പക്വത ഇല്ലാതെ പോകുന്നതാണ് ഈ വേദഭാഗത്തെ ധനികന്റെ ജീവിത്തിലെ പിഴവ്. കൂടുതൽ വിളവ് ലഭിക്കുമ്പോൾ തികച്ചും സ്വാർത്ഥ മനസ്സോടെ എങ്ങനെ സ്വന്തം സുഖത്തിനുവേണ്ടി അത് ഉപയോഗിക്കാമെന്നാണ് അയാൾ ചിന്തിക്കുന്നത്. കൂടുതൽ സമൃദ്ധിയുണ്ടാകുമ്പോൾ തനിക്കുചുറ്റുമുള്ള മനുഷ്യരെ അയാൾ മറന്നുപോകുന്നത് എത്ര ഗുരുതരമായ പാപമാണ്. സങ്കീർത്തനക്കാരൻ തന്റെ സമൃദ്ധിയിൽ ദൈവത്തെ സ്തുതിച്ചത് ഓർക്കുന്നില്ലേ: 'എന്റെ പാനപാത്രം നിറഞ്ഞു കവിയും'. ഒന്നു നിറഞ്ഞുകവിയുവാൻ നാം അനുവദിക്കുന്നില്ല. നിറയും മുൻപേ പൊളിച്ചു പണിയുകയാണ്. കളപ്പുരകൾ നിറയട്ടെ, നിറഞ്ഞു കവിയട്ടെ. പക്ഷേ കവിഞ്ഞൊഴുകുന്നത് നമുക്കുള്ളതല്ല. അതു അപരനിലേക്ക് ഒഴുകട്ടെ. നമ്മുടെ സമൃദ്ധിയിൽനിന്നു അവരും അനുഭവിക്കട്ടെ. അപ്പോഴല്ലേ സമൃദ്ധി അനുഗ്രഹമായി മാറുന്നത്. അതല്ലേ ദൈവം നൽകിയ സമ്പത്തിനോടുള്ള വിശ്വസ്തത. പത്തു കാശുണ്ടാവുമ്പോൾ മതിമറന്നു വിഡ്ഢിയാകാതെ വിശ്വസ്തനാവാൻ കഴിയണം.


**മാന്യവായനക്കാരുടെ ശ്രദ്ധയ്ക്ക്**

ഡയോസിസൻ ബുള്ളറ്റിൻ വരിക്കാരുടെ വരി സംഖ്യ കുടിശിഖ ആയിട്ടുണ്ടെങ്കിൽ മണിയോഡർ ആയോ, ഡി. ഡി. ആയോ, നെറ്റ് ബാങ്കിംഗ് വഴിയോ പണം അടയ്ക്കാവുന്നതാണ്. അക്കൗണ്ട് നമ്പർ താഴെ കൊടുക്കുന്നു.

Dr. Thomas Mar Athanasius Metropolitan

SBI Muvattupuzha, A/c No. 10246001089, IFSC: SBIN0008652

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

1 വർഷം - 100 രൂ., മൂന്ന് വർഷം - 250 രൂ., ആയുഷ്ക്കാലം (12 വർഷം) - 1000 രൂ.

വേദപഠനം

# നല്ല സമരിയാക്കാരൻ

**ഫാ. ഷാജി കരിംപ്ലാനിൽ**

**ലൂ**ക്കായുടെ പത്താം അധ്യായത്തിലെ വിശ്വവിഖ്യാതമായ ഉപമയാണ് ഇവിടെ നാം പരിഗണിക്കുന്നത്.

**ചില പശ്ചാത്തല വൃത്താന്തങ്ങൾ**

ജറുസലെമിൽനിന്നു ജറീക്കോയിലേക്കുപോയ ഒരു യഹൂദനാണല്ലോ മുറിവേറ്റു വഴിയിൽ കിടന്നത്. ജറുസലെം സമുദ്ര നിരപ്പിൽ നിന്ന് ഏകദേശം 2600 അടി മുകളിലുള്ള സ്ഥലമാണ്. ജറീക്കോയാകട്ടെ ഏകദേശം 550 അടി സമുദ്ര നിരപ്പിൽ നിന്ന് താഴെയുള്ള പ്രദേശവുമാണ്. ഈ രണ്ടു പ്രദേശങ്ങൾക്കിടയിലുള്ള ദൂരം ഏകദേശം 18 മൈലാണ്.

അപ്പോൾ ഓരോ മൈലിനും 191 അടി ചെരിവുള്ള കുത്തനെയുള്ള ഒരു റോഡിലാണ് ഉപമയിലെ സംഭവങ്ങൾ നടക്കുന്നത്. കൊള്ളക്കാർക്കും മറ്റും പല ഒളിസങ്കേതങ്ങളുമുള്ള, അപകടം എവിടെയും പതിയിരിക്കുന്ന ഒരു സഞ്ചാരപഥമായിരുന്നു അത്. വഴിയോരങ്ങളിലെ സത്രങ്ങളും സുരക്ഷിതമൊന്നുമായിരുന്നില്ല. എങ്കിലും രാത്രിവിശ്രമത്തിനു മറ്റിടങ്ങൾ ഇല്ലാതിരുന്നതുകൊണ്ട് അവ മാത്രമായിരുന്നു യാത്രികരുടെ ശരണം. സമരിയാക്കാരൻ സത്രം സൂക്ഷിപ്പുകാരനെ ഏല്പിച്ച രണ്ടു ദനാറ, രണ്ടാഴ്ചത്തെ ചെലവിനു തികയുമായിരുന്നു.

**സമരിയാക്കാർ–**
**ചില അവശ്യസൂചനകൾ**

ഉപമയിലെ പുരോഹിതരെക്കുറിച്ചും ലേവായനെക്കുറിച്ചും അധികം പറയേണ്ടതില്ലല്ലോ. ദേവാലയത്തെ ചുറ്റിപ്പറ്റി ജീവിതം കൊണ്ടുനടന്നവരാണ് ഇരുവരും. ആരായിരുന്നു സമരിയാക്കാർ? സോളമന്റെ ഭരണശേഷം ബി. സി. 922-ൽ വടക്കും (ഇസ്രായേൽ) തെക്കുമായി (യൂദാ) രാജ്യം വിഭജിക്കപ്പെടുന്നുണ്ട്. ബി.സി. 722-ൽ അസ്സീറിയക്കാർ ഇസ്രായേലിനെ കീഴ്പ്പെടുത്തി, ആ പ്രദേശം കോളനൈസ് ചെയ്യുന്നുണ്ട്. തുടർന്ന്, 2. രാജാ. 17:24-34ൽ വായിക്കുന്നതുപോലെ, അസ്സീറിയക്കാർ ഇസ്രയേല്യരുമായി അടുത്ത ബന്ധം പുലർത്തി ഉടലെടുത്തവരാണ് സമരിയാക്കാർ. സ്വന്തം നാടിനെയും രക്തത്തെയും മലീമസമാക്കിയതുകൊണ്ട് സമരിയാക്കാരോട് യൂദാനിവാസികൾക്ക് കടുത്ത പകയുണ്ടായിരുന്നു.

സമരിയാക്കാർ പഞ്ചഗ്രന്ഥി മാത്രം അംഗീച്ചിരുന്നവരും ഗെരിസിംമലയിലെ ദേവാലയത്തിൽ പ്രാർത്ഥിച്ചിരുന്നവരുമായിരുന്നു. വിപ്ര വാസാനന്തര (ബി. സി. 587) യൂദായിൽ ജറുസലെം ദേവാലയം പുനരുദ്ധരിക്കാൻ ശ്രമങ്ങൾ നടന്നപ്പോൾ സമരിയാക്കാർ അതിനു വലിയ തടസ്സമുണ്ടാക്കിയെന്ന് എസ്രാ-നെഹമിയാ പുസ്തകങ്ങളിൽ നിന്നു നമുക്കു മനസ്സിലാകും. അന്ത്യോകസ് എപ്പിഫാനസ് എന്ന വിജാതീയരാജാവിന്റെ യഹൂദവേട്ടയാടലിനും ചൂഷണത്തിനും എതിരായിട്ടാണല്ലോ മക്കബായൻ വിപ്ലവം അരങ്ങേറുന്നത്. എന്നാൽ സമരിയാക്കാർ എപ്പിഫാനസിനോടു ചങ്ങാത്തം പുലർത്താനാണു നോക്കിയത്. ഗെരിസിംമലയിലെ തങ്ങളുടെ ദേവാലയത്തെ ഗ്രീക്കുദൈവമായ സേവസിന്റെ ക്ഷേത്രമെന്ന് സമരിയാക്കാർ പേരുമാറ്റം നടത്തിയെന്ന് 2. മക്കബാ. 6:2 ലും ഫ്ളാവിയൂസ് ജൊസേഫുസിന്റെ ചരിത്രത്തിലും നാം വായിക്കുന്നുണ്ട്. എ.ഡി. 9-ലെ പെസഹാത്തിരുനാളിന് സമരിയാക്കാർ ജറുസലെം ദേവാലയത്തിൽ എല്ലുകൾ വിതറി, അവിടം അശുദ്ധമാക്കിയെന്നും ജൊസേഫുസ് രേഖപ്പെടുത്തിയിട്ടുണ്ട്.

നൂറ്റാണ്ടുകളായി നിലനിന്ന ഈ കുടിപ്പകയുടെ പ്രതിധ്വനികൾ പഴയനിയമത്തിലും ഇതര യഹൂദ ഗ്രന്ഥങ്ങളിലും നമുക്കു കേൾക്കാനാകും. ചില ഉദാഹരണങ്ങൾ:

(a) പ്രഭാഷകൻ 50:25-26:- "രണ്ടു ജനതകൾ നിമിത്തം ഞാൻ ക്ലേശിക്കുന്നു, മൂന്നാമത്തേത് ജനതയേയല്ല. സെയിർ മലയിൽ വസിക്കുന്നവരും ഫിലിസ്ത്യരും ഷെക്കെമിലെ മൂഢജനതയും". സെയിർ മേഖലയിൽ താമസിച്ചിരുന്നവർ ഏദോമ്യരായിരുന്നു. സമരിയാക്കാരുടെ ഗെരിസിം ദേവാലയത്തിനു സമീപത്തുള്ള ഒരു പ്രധാന പട്ടണമായിരുന്നു ഷെക്കം. അപ്പോൾ, ഒരു ജനതയെന്നുപോലും പ്രഭാഷകന്റെ പുസ്തകം ഗണിക്കാത്ത മൂഢന്മാരായിരുന്നത്രേ സമരിയാക്കാർ.

(b) യഹൂദഗ്രന്ഥമായ മിഷ്നായിൽ പറയുന്നത് സമരിയാക്കാരി പെൺകുട്ടികൾക്ക് പിള്ളത്തൊട്ടിൽ തൊട്ട് മാസമുറ തുടങ്ങുമെന്നും അതുകൊണ്ട് അവർ അശുദ്ധരാണെന്നുമാണ്! സമരിയാക്കാരുടെ നിഴൽ വീണാൽപോലും അശുദ്ധിയുണ്ടാകുമെന്ന് ബാബിലോണിയൻ താൽമുദിൽ പറയുന്നു. സമരിയാക്കാരുടെ ഭക്ഷണം കഴിക്കുന്നത് പന്നിമാംസം കഴിക്കുന്നതിനു തുല്യമാണെന്നു പറയുന്ന മിഷ്നാപാഠവും സമരിയാക്കാരനെ കൊല്ലുന്ന യഹൂദനു വധശിക്ഷ നല്കാൻ പാടില്ലെന്ന താൽമുദ്

പാഠവും ഉണ്ട്. സമരിയാക്കാരോടുള്ള യഹൂദരുടെ പൊതുവികാരം എന്തായിരുന്നുവെന്ന് ഇവയിൽ നിന്നൊക്കെ വ്യക്തമാണല്ലോ.

**മൃതദേഹത്തെ സ്പർശിക്കുന്നത് അശുദ്ധമോ?**

വഴിയരുകിൽ അർദ്ധപ്രാണനായി കിടന്നവനെ (ലൂക്കാ. 10:30) കണ്ടപ്പോൾ മരിച്ചവനായി പുരോഹിതനും ലേവായനും ധരിച്ചുവെന്നും മൃതദേഹ സംബന്ധിയായ ചില പഴയനിയമ പഠിപ്പിക്കലുകൾ കൊണ്ടാണ് അവർ ഇരുവരും വഴി മാറിപ്പോയതെന്നും പൊതുവെ ഒരു വ്യാഖ്യാനമുണ്ട്. 'അഭിഷേക തൈലം തലയിൽ ഒഴിക്കപ്പെട്ടവനും വിശുദ്ധ വസ്ത്രങ്ങൾ ധരിക്കാൻ പ്രതിഷ്ഠിക്കപ്പെട്ടവനുമായവൻ... ശവശരീരങ്ങൾ, സ്വന്തം മാതാവിന്റെയോ പിതാവിന്റെയോ തന്നെയായാലും, സ്പർശിക്കുകയോ അവയാൽ തന്നെത്തന്നെ അശുദ്ധനാക്കുകയോ അരുത്'' (ലേവ്യർ 21:10-11). സമാനമായ കാഴ്ചപ്പാടുകൾ ലേവ്യർ 22-ലും എസെക്കിയേൽ 44-ലും നമുക്കു കാണാനാകും. അതേസമയം തോബിത്തിന്റെ പുസ്തകം മൃതദേഹം മറവു ചെയ്യുന്നത് ഒരു പുണ്യകർമ്മമായിട്ടാണു പരിഗണിക്കുന്നത് (തോബിത്ത് 1:16-19). ഇത്തരം വിരുദ്ധ അഭിപ്രായങ്ങൾ ഉള്ളതുകൊണ്ട് മൃതദേഹത്തെ സംബന്ധിച്ച പഴയനിയമ നിലപാട് ഏതെന്ന് അസന്ദിഗ്ദ്ധമായി പറയുക വയ്യ.

ഉപമയിലെ മുറിവേറ്റവനെ കണ്ട ഓരോരുത്തരുടെയും പ്രതികരണം ശ്രദ്ധിക്കേണ്ടതാണ്: പുരോഹിതൻ മറുവശത്തുകൂടെ കടന്നുപോകുന്നു;

ലേവായൻ അതുവഴി കടന്നുപോകുന്നു; സമരിയാക്കാരനാകട്ടെ അവിടേയ്ക്കു കടന്നുചെല്ലുന്നു. ശുദ്ധി-അശുദ്ധിയെക്കുറിച്ചുള്ള ചിന്തകളേക്കാൾ കൊള്ളക്കാരുടെ ആക്രമണത്തെക്കുറിച്ചുള്ള ഭയമാകാം പുരോഹിതനിലും ലേവായനിലും നിറഞ്ഞത്. മുറിവേറ്റവന്റെ കാഴ്ച തങ്ങളെക്കുറിച്ചുള്ള ആകുലത അവരിൽ നിറയ്ക്കുകയാണ്; എന്നാൽ അതേ കാഴ്ച മുറിവേറ്റവനെക്കുറിച്ചുള്ള ആകുലതയാണ് സമരിയാക്കാരനിൽ നിറയ്ക്കുന്നത്.

**ഉപമയുടെ പശ്ചാത്തലം**

സുപ്രധാന കല്പനകൾ ഏതെന്നു കൃത്യമായി യേശു പഠിപ്പിക്കുന്നതായിട്ടാണ് മർക്കോസ് 12-ലും മത്തായി 22-ലും നാം കാണുന്നത്. അവ, ദൈവത്തെ സർവ്വോപരി സ്നേഹിക്കുക, അയൽക്കാരനെ തന്നെപ്പോലെതന്നെ സ്നേഹിക്കുക എന്നിവയാണല്ലോ. എന്നാൽ ലൂക്കായിൽ നാം മറ്റൊന്നാണു കാണുന്നത്. നല്ല സമരിയാക്കാരന്റെ ഉപമയ്ക്കു തൊട്ടുമുമ്പാണ് ഈ കല്പനകൾ രേഖപ്പെടുത്തിയിരിക്കുന്നത്. അവ പക്ഷേ പറയുന്നത് യേശുവല്ല, ഒരു നിയമ പണ്ഡിതനാണ് (ലൂക്കാ. 10:25-27). യേശു പഠിപ്പിച്ചുവെന്നു മർക്കോസും മത്തായിയും രേഖപ്പെടുത്തിയ കല്പനകൾ ഒരു നിയമ പണ്ഡിതനെക്കൊണ്ടു ലൂക്കാ പറയിപ്പിച്ചതാണെന്നു കരുതുന്നതിൽ വലിയ സാംഗത്യമില്ല, തെളിവുകളുമില്ല. മർക്കോസും മത്തായിയും ഒരേ സന്ദർഭത്തെക്കുറിച്ചു പറയുമ്പോൾ ലൂക്കാ മറ്റൊന്നിനെക്കുറിച്ചാണു പറയുന്നതെന്നു കരുതുന്നതാണ് കൂടുതൽ യുക്തിഭദ്രം.

ദൈവത്തെ സർവ്വശക്തിയോടെ സ്നേഹിക്കണമെന്ന കല്പന നിയമാവർത്തനം 6:4-9 ലാണുള്ളത്. അയൽക്കാരനെ തന്നെപ്പോലെതന്നെ സ്നേഹിക്കണമെന്നതു ലേവ്യർ 19:18 ലും. ഇവ രണ്ടും ഒരുമിച്ചു ചേർത്ത് സുപ്രധാന കല്പനകളായി പഠിപ്പിക്കുന്ന രീതി റബ്ബിനിക് എഴുത്തുകളിൽ നമുക്കു കാണാനാകും. അതിനർത്ഥം, യേശുവല്ല ഈ സുപ്രധാന കല്പനകളുടെ ഉപജ്ഞാതാവ് എന്നതാണല്ലോ. അവ അന്നത്തെ റബ്ബിനിക് പാരമ്പര്യത്തിന്റെ ഭാഗമാണ്. അതിനെക്കുറിച്ചു വ്യക്തമായ ധാരണയുള്ള ഒരാളായിരുന്നിരിക്കണം യേശുവുമായി സംസാരിക്കുന്ന നിയമപണ്ഡിതൻ. അങ്ങനെയാകണം യേശുവിന്റെ ശിഷ്യനല്ലാതിരിക്കെത്തന്നെ യേശു പഠിപ്പിച്ച അതേ കാര്യം അദ്ദേഹവും പറയുന്നത്. ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കുന്നതാണ് നിയമത്തിന്റെയും പ്രവാചകന്മാരുടെയും കേന്ദ്രപ്രമേയമെന്ന് യേശുവും ശിഷ്യഗണവും മാത്രമല്ല, യഹൂദസമൂഹം മുഴുവനും അംഗീകരിച്ചിരുന്നു എന്ന് ഇവയിൽ നിന്നൊക്കെ വ്യക്തമാണല്ലോ.

പക്ഷേ പ്രശ്നം ഈ അയൽക്കാരൻ ആരെന്നുള്ളതാണ്. സമരിയാക്കാരനെ അയൽക്കാരനായി ഗണിക്കാനാകുമോ? അവരോടുള്ള യഹൂദന്മാരുടെ നിലപാട് മുകളിൽ ഒന്നു സൂചിപ്പിച്ചതാണ്. ആ സൂചനകളോട് ഒരു കാര്യം കൂടി കൂട്ടിച്ചേർക്കട്ടെ. നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കണമെന്ന ലേവ്യ. 19:18- ലെ വാക്യത്തെ എങ്ങനെ പ്രയോഗതലത്തിൽ കൊണ്ടുവരാമെന്ന് അക്കാലത്തെ ഒരു റബ്ബി നാഥാൻ വിശദീകരിക്കുന്നുണ്ട്: "നിന്റെ ജനതയെപ്പോലെ പെരുമാറുന്ന ഒരാളാണെങ്കിൽ നീ അവനെ സ്നേഹിക്കണം; അങ്ങനെയല്ലെങ്കിൽ അവനെ സ്നേഹിക്കാൻ പാടുള്ളതല്ല". പ്രഭാഷകന്റെ പുസ്തകം (12:7) നല്ലവനെ മാത്രമേ സഹായിക്കാവൂ എന്നും പാപിയെ സഹായിക്കരുതെന്നും നിഷ്കർഷിക്കുന്നതാണ്. ചുരുക്കത്തിൽ, യേശുവിന്റെ കാലം അയൽക്കാരന് കൃത്യമായ നിർവചനം നൽകി, സ്നേഹത്തിന് അതിർവരമ്പുകൾ പണിതുയർത്തിയിരുന്നു എന്നു വ്യക്തം. ഇതിന്റെ പശ്ചാത്തലത്തിലാണ് യേശുവിന്റെ ഉപമയുടെ ആഴവും മിഴിവും നമുക്കു വ്യക്തമാകുന്നത്.

*(തുടരും)*

RNI No. KERMAL/2012/46014
Registered. Reg. No. KL/ALY/0067/2022-2024

Date of Publication 15/10/2024
Price Rs. 10/-



## മർത്തമറിയം വനിതാ സമാജം

മർത്തമറിയം വനിതാ സമാജം ഏകദിന സമ്മേളനം വരിക്കോലി സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ച് 2024 സെപ്റ്റംബർ 21 ശനിയാഴ്ച നടന്നു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളം അദ്ധ്യക്ഷത വഹിച്ചു. ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ബിനോയ് ജോൺ തിരുവചന പഠനം നടത്തി. 'വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്ക് പ്രകാശവും' (സങ്കീർത്തനങ്ങൾ 119:105) എന്ന വിഷയത്തെ ആസ്പദമാക്കി ബസേലിയോസ് കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊഫ. ഡോ. ജാൻസി തോമസ് ക്ലാസ് നയിച്ചു. തുടർന്ന് യോഗത്തിൽ വച്ച് ഫാ. അജീഷ് ബാബു രചിച്ച 'നനവുള്ള തീരങ്ങൾ' എന്ന പുസ്തകത്തിന്റെ പ്രകാശനം അഭിവന്ദ്യ തിരുമേനി നിർവ്വഹിച്ചു. യോഗത്തിന് സമാജത്തിന്റെ ഭദ്രാസന ഭാരവാഹികൾ വരിക്കോലി ഇടവകയിലെ സമാജം അംഗങ്ങൾ ഇടവക ഭരണസമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## തങ്കമ്മ ദാനിയേൽ
## മെമ്മോറിയൽ ബൈബിൾ ക്വിസ് മൽസരം

മർത്തമറിയം വനിതാ സമാജത്തിന്റെ ഭദ്രാസന സെക്രട്ടറി ആയി അരനൂറ്റാണ്ടുകാലം പ്രവർത്തിച്ച ദിവംഗതയായ തങ്കമ്മ ദാനിയേലിന്റെ സ്മരണക്കായി ഭദ്രാസന അടിസ്ഥാനത്തിൽ നടത്തപ്പെട്ട ബൈബിൾ ക്വിസിന് ഭദ്രാസനത്തിലെ വിവിധ മേഖലകളിൽ ക്വിസ് മത്സരത്തിൽ വിജയികളായവർ പങ്കെടുത്തു. ക്വിസ് മത്സരത്തിന് ഫാ. ഏലിയാസ് ചെറുകാട്ട് ഫാ. അബി ഉലഹന്നാൻ എന്നിവർ നേതൃത്വം നൽകി. വരിക്കോലി സെന്റ് മേരീസ് പള്ളിയിൽ വച്ച് നടന്ന ഏകദിന ധ്യാനത്തോട് അനുബന്ധിച്ച് നടന്ന ഈ ക്വിസ് മത്സരത്തിൽ കണ്യാട്ടുനിരപ്പ് സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി മർത്തമറിയം വനിതാ സമാജം യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി തങ്കമ്മ ദാനിയേൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിക്ക് അർഹരായി. മത്സരത്തിൽ പങ്കെടുത്ത എല്ലാ മത്സരാത്ഥികൾക്കും സമ്മാനങ്ങൾ നൽകി ആദരിച്ചു.

## മർത്തമറിയം സമാജം ഗ്ലോബൽ കോൺഫറൻസ്

മർത്തമറിയം വനിതാസമാജം ഗ്ലോബൽ കോൺഫറൻസ് 2024 ഒക്ടോബർ 12 മുതൽ 14 വരെ കൽക്കട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഭിലായ് എഞ്ചിനീയറിംഗ് കോളേജ് അങ്കണത്തിൽ വച്ച് നടത്തപ്പെടുന്നു. കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നായി 14 പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും.

## ബോധവത്കരണ ക്ലാസ്സും
## ക്യാൻസർ നിർണ്ണയ പരിശോധനയും




കണ്യാട്ടുനിരപ്പ് സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ മർത്തമറിയം വനിതാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ 2024 സെപ്റ്റംബർ 29 ന് പ്രഗത്ഭ ക്യാൻസർ സർജൻ ഡോ. ചിത്രതാര കെ. (Director, Institute of Gynaecologic Oncology and Breast Sciences, VPS Lakeshore Hospital, Nettoor, Maradu) യുടെ നേതൃത്വത്തിൽ ക്യാൻസർ ബോധവത്കരണ ക്ലാസും ഗർഭാശയ ക്യാൻസർ നിർണ്ണയ പരിശോധനയും (Pap Smear Test) നടന്നു.

ഇതോടൊപ്പം പ്രശസ്ത ക്യാൻസർ വിദഗ്ദ്ധൻ ഡോ. വി. പി. ഗംഗാധരൻ ചീഫ് പാട്രൺ ആയിട്ടുള്ള കൊച്ചിൻ ക്യാൻസർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 26, 27, 28 തീയതികളിൽ സ്തനാർബുദ നിർണ്ണയ പരിശോധനയും (ibreast exam) നടന്നു. പ്രാരംഭ പരിശോധനയിൽ നിന്ന് തിരഞ്ഞെടുത്തവർക്ക് 29-ാം തീയതി മാമ്മോഗ്രാം ടെസ്റ്റും നടത്തി. വിജ്ഞാനപ്രദമായ ക്ലാസിൽ സ്ത്രീ-പുരുഷ ഭേദമന്യേ ഇടവകാംഗങ്ങൾ പങ്കെടുത്തു. 60 ൽ പരം സ്ത്രീകൾ ibreast exam നും, 45 പേർ Pap Smear Test നും വിധേയരായി. തിരഞ്ഞെടുത്ത 20 പേർക്ക് Mobile unit നുള്ളിൽ വച്ച് മാമ്മോഗ്രാം ടെസ്റ്റും നടത്തി.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha-686 661, Ph: 0485 2832401
Managing Editor: P. J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha, Ph: 9846869426